# The Diocesan Gateway

Vol. 41, No. 03, July-September 2023



The Diocesan Gateway

Vol. 41, No. 03, July-September 2023

Orthodox Church Centre
Mar Theophilus Marg, Sector 10A
Vashi, Navi Mumbai 400 703
Ph.: 022-27801427

***Editorial Board***

President
H.G. Geevarghese Mar Coorilos
(9820333379)

Chief Editor
Rev. Fr. K P Verghese
(8291080006)

Associate Editor
Rev. Fr. Ashwin Fernandis
(9496021530)

Publisher
Rev. Fr. Alex P Mathew
(8129021777)

Manager
Rev. Fr. Thomas K Chacko (Diocesan Secretary)
(989289596)

**Members**
Rev. Fr. Thomas Myalil (7709867706)
Rev. Fr. Santhosh Varghese (9869125758)
Rev. Fr. M. B George (9567938692)
Rev. Fr. Joshy P Jacob (9702762767)
Rev. Fr. Geevarghese Abraham (9969994460)
Rev. Fr. Rony John (8390832496)
Rev. Fr. Rajesh John (9946361896)
Mr. Roy Joseph, Nallasapora (9221826800)
Mr. Philip Varghese, Dadar (9870623498)
Mr. John Jesudasan, Chembur (9869279569)
Mrs Susan Thomas, Vashi (8169259464)
Mrs Susan Shibu, Nerul (98218 53853)

Send your articles and news to the following address, Whatsapp No. or E-mail

Orthodox Church Centre
Mar Theophilus Marg, Sector 10A
Vashi, Navi Mumbai 400 703
Ph.: 022-27801427
or
The Publisher
Rev Fr Alex P Mathew
Mobile: 8129021777
or
diocesangateway@gmail.com




Message from His Grace 3

Editorial 4

എന്റെ ജ്യേഷ്ഠ സഹോദരൻ 6

സഭ, സ്വത്വം, ഭാവി: ഒരു മനക്കോട്ട വിചാരം 8

പകൽ സൂര്യനായും രാത്രി ചന്ദ്രനായും 11

ക്രമവും, സമാധാനവും, പാലനവുമില്ലാതെ മണിപ്പൂർ: മറഞ്ഞിരിക്കുന്ന വർഗ്ഗീയകരങ്ങൾ 14

23rd September - Commemorating Blessed Alvares Mar Julius Metropolitan 16

Death Valley (Acts: 7:52-60) 17

Woman: God's Most Beautiful Creation 19

7 Things to Perfect Your Preparation for Civil Services Exam 20

**Cover Page Sketch:**
**Dn. Sanju P. Mathew (Mavelikara Diocese)**

## Our Websites


https://mosc.in/
https://bombayorthodoxdiocese.org/
https://catholicatenews.in/
https://www.gregoriantv.com/
http://malankaraorthodox.tv/
https://www.ovsonline.in/

## Advertisement Rates

Full page Rs. 1000
Half page Rs. 500

"ഈശ്വര പ്രാർത്ഥന ഈ ലോകത്തെ പല വിധത്തിലും ദൈവത്തിന്റെ പാദാരാവിന്ദങ്ങളോടു ചേർക്കുന്ന പൊന്നിൻചങ്ങലയത്രെ."

**– പ. പരുമല തിരുമേനി**



# Message from His Grace

Blessings to the Clergy and the Faithful of the Diocese of Bombay and all the friends and well-wishers of Gateway.

Greetings in the precious name of God Almighty!

Late Lamented Alvares Mar Yulios, the Arch Bishop of Goa, Ceylon and India was enigmatic, dynamic and vibrant in terms of his relationship with God, and in all realms of life and a true witness of the church and applaudable is his availability to the desired and needy people, wanting upliftment in physical mental or spiritual ailments to climb up the ladder of prosperity with the dignity and pride. The great Starwalt left this world a century back and the church takes immense pleasure in celebrating His anniversary that was led by His Holiness the Catholicos of the Malankara Orthodox Church, on 21st and 22nd of September, in Goa. The pilgrimage to Goa from our diocese was scheduled systematically and I am happy that at least 500 people including the clergy from the Diocese of Bombay participated in the solemn commemoration.

The feast of Mar Alvares here in Bombay which will be held on the 1st & 2nd of October, and privileged to have the joined celebration along with the feast of Late Lamented Dr. Philipose Mar Theophilus Metropolitan – an icon of pride for us who has substantially contributed and escalated the vision and mission of the church and of the ecumenism, social transformation and spiritual nourishment, thereby making allowance for great moment of intercession identifying great models in our life for us to march forward and also leave a legacy for the future generations to mould life that is appealing to God.

For the occasion of the great feast of both these great fathers of the Church, I urge all the priests and the faithful of the church to participate and receive blessings by bringing your contributions and assuring your cooperation for strengthening the fellowship and enhancing the moment. On that occasion, we are planning to felicitate the newly elected MLA Shri Chandy Oommen, beloved son of the Late Shri Oommen Chandy, the Former Chief Minister of Kerala, who has in various capacities served the state and the people of the country.

As you all know we are striving for the Golden Jubilee of the Diocese and I seek each and everyone's earnest participation for the success of the Golden Jubilee of the Diocese of Bombay. It's a very special privilege and a unique opportunity for us to be there, to be a part of this great celebration for the outward decorations may be minimal but the inward or the essential spiritual nourishment and spiritual awakening, refreshing ourselves coming closer to the Lord and participating effectively in various spiritual organisations, sacraments and way of life of the church will enable us to have much more meaningful pilgrimage propelling us towards *'Parousia'* the Second Coming of the Lord especially the new generations to have a crystal clear focus of a true Christian. So all the programmes and projects should finally culminate in ushering the presence of the mighty one to get closer and closer to the Kingdom of God. Our spiritual bankruptcy and void with regard to the Kingdom of God can be enhanced in a very effective way as was initiated by St. Thomas the Apostle, thus can be advanced to highlight the image of the Diocese in terms of its spiritual wealth and also the social commitments.

The directory of our diocese which was published many years ago, will be updated with the details and the system will be made available for the individuals, the families, the parishes and the entire Diocese to get into a wider space of unlimited possibilities. The various humanitarian activities, medical care, health programmes and various developmental schemes and programmes, projects including online and physical fellowships have to be enhanced further. I do appeal that every person in different age groups could also join together like during the COVID time when we initiated Theo Ministry, similar programmes can be enhanced, projects can be launched and the participation of our people irrespective of age or sex can also be effectively implemented.

So I earnestly solicit everyone's cooperation with prayers and support of various kinds to see the Diocese come up with a special charisma and the total surrender for a greater cause to strengthen the spiritual elements. I earnestly solicit the clergy and the faithful of the church to come together with a single mind and make ourselves available to the will of God so as to correct and usher in many positive programmes and projects and activities for participation in liturgical hours by prioritising the commitment, the connection with the kingdom of God. Hope and pray that our steps will be useful and effective.

My greetings to each and everyone during this festive season and I pray that the Almighty God bless each and every one abundantly and extend His blessings, so that we will be worthy to be cleansed and entitled to the kingdom of God. May God bless and the Holy Spirit guide us through.

God Bless.


Your Shepherd in Christ,

**Geevarghese Mar Coorilos Metropolitan**

## കുറിയാക്കോസ് മാർ ക്ലിമിസ് ഇനി 'വലിയ മെത്രാപ്പോലീത്താ'

ദേവലോകം: മലങ്കര ഓർത്തഡോക്സ് സഭയുടെ സീനിയർ മെത്രാപ്പോലീത്തായും തുമ്പമൺ ഭദ്രാസന ഇടയനുമായിരുന്ന കുര്യാക്കോസ് മാർ ക്ലിമിസ് മെത്രാപ്പോലീത്തായ്ക്ക് 'വലിയ മെത്രാപ്പോലീത്താ' സ്ഥാനം നൽകുവാൻ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് തീരുമാനിച്ചു.

അദ്ദേഹം ഇനി മുതൽ 'കുര്യാക്കോസ് മാർ ക്ലിമിസ് വലിയ മെത്രാപ്പോലീത്താ' എന്ന പേരിൽ അറിയപ്പെടും.








കർത്താവിൽ പ്രിയരേ,


ദൈവത്തിന്റെ അളവറ്റ കരുണയാലും കൃപയാലും നമ്മുടെ Gateway മാഗസിന്റെ മറ്റൊരു പതിപ്പുകൂടി പ്രകാശനം ചെയ്യപ്പെടുകയാണ്. സഭയുടെ എക്യുമിനിക്കൽ ബന്ധത്തെ ശക്തിപ്പെടുത്തുമാറ് പരിശുദ്ധ ബാവാ തിരുമേനിയും സംഘവും റഷ്യ, റോം എന്നിവിടങ്ങൾ സന്ദർശിച്ചത് നാം ഏവരും ഇതിനോടകം അറിഞ്ഞിട്ടുണ്ട്. റഷ്യൻ ഓർത്തഡോക്‌സ് സഭയുടെ തലവനായ പരിശുദ്ധ കിറിൽ പാത്രീയർക്കീസും, റോമൻ കത്തോലിക്കാ സഭയുടെ തലവനായ പരിശുദ്ധ ഫ്രാൻസിസ് മാർ പാപ്പയും പരിശുദ്ധ പിതാവിന് നൽകിയ ഊഷ്മളമായ വരവേല്പ് ഏവരുടെയും മനം കവരുന്നതായിരുന്നു. മാറി വരുന്ന രാഷ്ട്രീയ, സാമൂഹിക പശ്ചാത്തലങ്ങളിൽ ഈ കൂടിക്കാഴ്ചകൾക്കു പ്രത്യേക സാംഗത്യമുണ്ട്. ക്രൈസ്തവ സഭകളുടെ യോജിപ്പും കൂട്ടായ പ്രവത്തനങ്ങളും ഇന്നിന്റെ അടിയന്തിര ആവശ്യങ്ങളാണ്. ക്രിസ്ത്യാനിത്വം മറ്റേതൊരു കാലത്തേക്കാളും വെല്ലുവിളികൾ നേരിടുന്നൊരു കാലത്തു ഈ കൂടിക്കാഴ്ചകളെ ക്രൈസ്തവ ലോകം അതീവ പ്രതീക്ഷയോടെയാണ് ഉറ്റുനോക്കുന്നത്. പരസ്പരം യോജിച്ചു പ്രവർത്തിക്കുവാൻ സാധിക്കുന്ന മേഖലകളിൽ ഒരുമിച്ചു പ്രവർത്തിക്കുവാനുള്ള ധർണകൾ ഈ കൂടിക്കാഴ്ചയിൽ സംജാതമായി എന്ന് നമുക്ക് പ്രതീക്ഷിക്കാം.

ഗോവയിൽ കബറടങ്ങിയിരിക്കുന്ന ഭാഗ്യസ്മരണാർഹനായ അൽവാറീസ് മാർ യൂലിയോസ് തിരുമേനിയുടെ നൂറാം ഓർമ്മപ്പെരുന്നാൾ കൊണ്ടാടുന്ന വേളയിൽ ബോംബെ ഭദ്രാസനത്തിൽ നിന്നും തീർത്ഥാടകാരുടെ ഒരു വലിയ സംഘം ബോംബെയിൽ നിന്നും, പൂനയിൽ നിന്നും ട്രെയിൻ മാർഗം ഗോവയിലെത്തി ആ പെരുന്നാളിൽ സംബന്ധിക്കുകയും അനുഗ്രഹം പ്രാപിക്കുകയും ചെയ്തു. പാവങ്ങളുടെ അപ്പോസ്തോലൻ എന്ന വിശേഷണത്തിന് എന്തുകൊണ്ടും യോഗ്യനായ അൽവാറീസ് തിരുമേനി ഓർത്തഡോക്സ് വിശ്വാസത്തിന്റെ മർമ്മങ്ങളെ കണ്ണിലെ കൃഷ്ണമണി പോലെ സൂക്ഷിച്ചും വിശ്വാസത്യാഗത്തിനു നിർബന്ധിച്ച വെല്ലുവിളികളെ ധൈര്യപൂർവം നേരിട്ടും ദൈവവിളിയുടെ കാതലായ സ്വത്വത്തെ നിലനിർത്തിയും പാവങ്ങളുടെയും അശരണരുടെയും വിടുതലിനും വിമോചനത്തിനും മുൻകൈയ്യെടുത്തും വിശ്വാസത്തിന്റെ ജ്വലിക്കുന്ന നാളമായി ആളിക്കത്തിയും താൻ ജീവിച്ച സമൂഹത്തിൽ സ്നേഹത്തിന്റെ, കരുതലിന്റെ, വിമോചനത്തിന്റെ പരിമളം പരത്തിയും ജീവിച്ചു കടന്നുപോയ മഹത് വ്യക്തിത്വം ആണ്. നൂറു വർഷങ്ങൾക്കിപ്പുറം ഈ പുണ്യവാന്റെ വിശുദ്ധി സഭയാകുന്ന നിലവിളക്കിൽ തിരിതെളിക്കപ്പെടുന്നു എന്നതിൽ നമുക്ക് ദൈവത്തെ മഹത്വപ്പെടുത്താം. നീതിമാന്റെ ഓർമ്മ എന്നേയ്ക്കും നിലനിൽക്കുമെന്ന ദൈവ വചനം ഈ പുണ്യ പിതാവിലൂടെ പുനർജ്ജനിക്കുകയാണ്. ഒപ്പം പ്രാദേശിക പരിശുദ്ധനിൽ നിന്നും സാർവ്വത്രിക പരിശുദ്ധനിലേയ്ക്കുള്ള ദൂരം അതിവിദൂരമല്ല എന്ന ഓർമപ്പെടുത്തലും കൂടിയാണിത്. ഈ പുണ്യവാന്റെ നാമധേയത്തിൽ നവിമുംബയിലെ കലമ്പൊലിയിലും, മഹാരാഷ്ട്ര ഗോവ അതിർത്തിയിലെ സാവന്തവാടിയിലുമായി ബോംബെ ഭദ്രാസനം ആരംഭിച്ച രണ്ട് മിഷൻ പ്രവർത്തനങ്ങൾ ഈ പിതാവിനോടുള്ള ആദരവ് പ്രകടമാക്കുന്നതും ഒപ്പം ഈ പിതാവ് ആഗ്രഹിച്ചതും,ആരംഭിച്ചതും, സ്വപ്നം കണ്ടതുമായ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ സാക്ഷാത്ക്കാരവുമാണ്.

ആധുനിക ബോംബെ ഭദ്രാസനത്തിന്റെ അടിസ്ഥാന ശില്പി എന്ന് പുകഴ്ത്തപ്പെടുന്ന ഭാഗ്യസ്മരണാർഹനായ ഡോ. ഫിലിപ്പോസ് മാർ തെയോഫിലോസ് തിരുമേനിയുടെ ഓർമ്മപ്പെരുന്നാൾ സെപ്റ്റംബർ മാസം 28-ാം തീയതിയാണ്. ഭദ്രാസനാതലത്തിൽ പതിവുപോലെ ഒക്ടോബർ 1, 2 തീയതികളിൽ ആണ് പെരുന്നാൾ ആഘോഷങ്ങൾ നടത്തപ്പെടുന്നത്. ഒരു മനുഷ്യായുസ്സിനെ ദൈവികമായും അർത്ഥപൂർണ്ണമായും എങ്ങനെ ചിലവഴിക്കാം എന്നതിന് ഉത്തമ ഉദാഹരണമാണ് അഭിവന്ദ്യ പിതാവിന്റെ മഹിമയാർന്ന ജീവിതം. പ്രതിസന്ധികളെ ദൈവീകമായി തരണം ചെയ്തും വെല്ലുവിളികളെ അവസരങ്ങളായി പരിഗണിച്ചും പ്രത്യാശയിൽ മുന്നേറിയ ആ നന്മജീവിതം സമൂഹത്തിന്റെ സ്പന്ദനങ്ങളെ കൃത്യമായി വിവേചിക്കുകയും അവശ്യമേഖലകളെ കണ്ടെത്തി സഹായമെത്തിക്കുകയും ചെയ്തു. ബന്ധങ്ങളെ ഊഷ്മളമാക്കിയും, സ്നേഹത്തിന്റെയും സാഹോദര്യത്തിന്റേയും അതിർത്തികളെ വിശാലമാക്കിയും സഭയുടെ കൊമ്പിനെ വാനോളം ഉയർത്തിയും ഒരു ദിവ്യ നക്ഷത്രമായി, ജ്വലിക്കുന്ന കതിരോന് തുല്യം ആ പുണ്യ ജീവിതം ഒരു പ്രകാശഗോളമായി പ്രശോഭിച്ചു. ആത്മീയ രംഗത്തും, വിദ്യാഭ്യാസ രംഗത്തും, സാമൂഹ്യ പരിഷ്കരണരംഗത്തും അഭിവന്ദ്യ തിരുമേനിയുടെ സംഭാവനകൾ നിസ്തുലവും എന്നാളും സ്മരിക്കപ്പെടുന്നതുമാണ്. പുണ്യപിതാവിന്റെ പ്രാർത്ഥനയും മധ്യസ്ഥതയും നമുക്ക് തുണയായിരിക്കട്ടെ.

ഇന്ത്യയുടെ ശൂന്യാകാശ ദൗത്യമായ ചന്ദ്രയാൻ-3 വിജയകരമായി തീർന്നതിൽ ഭാരതീയരായ നമുക്കേവർക്കും അഭിമാനവും സന്തോഷവും ഉണ്ട്. ശാസ്ത്രലോകത്തെ ഓരോ ചുവടുവയ്പ്പും ദൈവ സൃഷ്ടിയുടെ മാഹാത്മ്യത്തെ പൊരുൾ തിരിക്കുവാൻ ഉതകുന്നു എന്നതിന്റെ ദൃഷ്ടാന്തമായി നമുക്ക് ഇതിനെ നോക്കി കാണാം. ചന്ദ്രയാൻ -2 ദൗത്യത്തിന്റെ പരാജയത്തിൽ നിന്നും ചന്ദ്രയാൻ-3 ദൗത്യത്തിന്റെ വിജയത്തിലേക്കുള്ള കുതിപ്പ് മാനവരാശിക്ക് നൽകുന്ന സന്ദേശവും 'ഒരിക്കലും പ്രതീക്ഷയും, പ്രത്യാശയും കൈവിടാതെ പരാജയത്തിൽ നിന്ന് വിജയത്തിലേയ്ക്ക് പ്രയാണം ചെയ്യുക' എന്നതാണ് ഒപ്പം ഓരോ പരാജയവും വിജയത്തിലേയ്ക്കുള്ള ചവിട്ടുപടിയാണെന്ന ഓർമ്മപ്പെടുത്തലും. വി. വേദം ഓർമ്മിപ്പിക്കുന്നതുപോലെ "എങ്കിലും യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും; അവർ കഴുകന്മാരെപ്പോലെ ചിറകു അടിച്ചു കയറും; അവർ തളർന്നുപോകാതെ ഓടുകയും ക്ഷീണിച്ചുപോകാതെ നടക്കുകയും ചെയ്യും" യെശയ്യാ 40:31. ജീവിതത്തിൽ എല്ലായിപ്പോഴും ദൈവിക പ്രത്യാശയിൽ ചരിക്കുവാൻ നമുക്കേവർക്കും സാധിക്കട്ടെ എന്ന പ്രാഥനയോടെ.

**ഫാ. കെ. പി വർഗ്ഗീസ്**
(ചീഫ് എഡിറ്റർ)






**അൽവാറിസ് മാർ യൂലിയോസ് ചരമ ശതാബ്ദി സമ്മേളനം ഉദ്ഘാടനം ഗോവ ഗവർണർ പി. എസ്. ശ്രീധരൻപിള്ള ഉദ്ഘാടനം ചെയ്യുന്നു. പ. കാതോലിക്കാ ബാവാ സമീപം.**

# അൽവാറിസ് മാർ യൂലിയോസ് വിവേചനങ്ങളെ തോൽപ്പിച്ച സാമൂഹ്യപരിഷ്കർത്താവ്

പനജി (ഗോവ): ജാതിമത വിവേചനങ്ങൾക്ക് അതീതമായി സാമൂഹ്യ നവോത്ഥാനം ലക്ഷ്യംവെച്ച് ത്യാഗോജ്വലമായി പ്രവർത്തിച്ച അൽവാറിസ് മാർ യൂലിയോസിന്റെ സ്മരണ പ്രചോദനമാണെന്ന് ഗോവ ഗവർണർ പി. എസ്. ശ്രീധരൻപിള്ള പ്രസ്താവിച്ചു. അൽവാറിസ് മാർ യൂലിയോസിന്റ കബറിടം സ്ഥിതി ചെയ്യുന്ന റിബന്തർ സെന്റ് മേരിസ് ദേവാലയത്തിൽ ചേർന്ന ചരമ ശതാബ്ദി പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. അവഗണിക്കപ്പെട്ടവരുടെയും ആലംബഹീനരുടെയും പക്ഷം ചേർന്ന് അൽവാറിസ് മാർ യൂലിയോസ് നടത്തിയ പ്രവർത്തനങ്ങളും ഇടപെടലുകളും സമൂഹത്തിൽ പ്രകാശം പരത്തി എന്ന് ഗോവ ഗവർണർ കൂട്ടിച്ചേർത്തു. വിപരീതമായ സാഹചര്യങ്ങളിൽ സാക്ഷ്യ ജീവിതം നയിച്ച അദ്ദേഹം ബഹുമുഖ പ്രതിഭയായിരുന്നെന്ന് പരിശുദ്ധ കാതോലിക്കാ ബാവ അനുസ്മരിച്ചു. അൽവാറിസ് മാർ യൂലിയോസ് അവാർഡ് സിസ്റ്റർ ദയാ ഭായിക്ക് പരിശുദ്ധ കാതോലിക്കാ ബാവ സമ്മാനിച്ചു.

ബ്രഹ്മവാർ ഭദ്രാസന മെത്രാപ്പോലീത്താ ഡോ യാക്കോബ് മാർ ഏലിയാസ് അധ്യക്ഷനായിരുന്നു. ഗീവർഗീസ് മാർ കൂറിലോസ് അനുസ്മരണ പ്രഭാഷണം നടത്തി. മലങ്കര അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, ഫാ. മരിയാനോ ഡിക്കോസ്റ്റാ, വികാരി ഫാ വർഗീസ് ഫീലിപ്പോസ്, കൺവീനർ റൈജു അലക്സ് എന്നിവർ പ്രസംഗിച്ചു. ജോഷ്വാ മാർ നിക്കോദിമോസ്, ഗീവർഗീസ് മാർ യൂലിയോസ്, ഗീവർഗീസ് മാർ പീലക്സിനോസ്, ഗീവർഗീസ് മാർ തെയോഫിലോസ് എന്നിവർ സന്നിഹിതരായിരുന്നു.



**പ. അൽവാറിസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ നൂറാം ഓർമ്മപെരുന്നാളിൽ പ. കാതോലിക്കാ ബാവായും മെത്രാപ്പോലീത്തന്മാരും ശ്ലൈഹിക വാഴ്‌വ് നൽകുന്നു.**

# എന്റെ ജ്യേഷ്ഠ സഹോദരൻ

## ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്

അഭിവന്ദ്യ ഫിലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ എന്റെ സഹോദരനാണോ എന്ന് വിദേശത്തുള്ള പലരും എന്നോട് ചോദിച്ചിട്ടുണ്ട്. അപ്പോഴൊക്കെ ഞാൻ സാധാരണ പറയാറുള്ള മറുപടി ഇപ്രകാരമായിരിക്കും, 'അതെ, അദ്ദേഹം എന്റെ ജ്യേഷ്ഠ സഹോദരനത്രെ.' ചിലയാളുകൾ അത് അക്ഷരാർത്ഥത്തിൽ തന്നെ ഉൾക്കൊള്ളുന്നതായി തോന്നി. അപ്പോൾ ഞാൻ വിശദീകരിക്കും – 'എല്ലാ ഓർത്തഡോക്സ് മെത്രാന്മാരും എന്റെ സഹോദരന്മാരത്രെ.' ഞാനും തെയോഫിലോസ് തിരുമേനിയും രക്തബന്ധമുള്ള സഹോദരന്മാരല്ലെന്നറിയുമ്പോൾ ആളുകൾ വിസ്മയഭരിതരാകാറുണ്ട്. ഞങ്ങൾ യഥാർത്ഥ സഹോദരന്മാരെപ്പോലെ സാമ്യമുള്ളവരായി തോന്നിക്കുമെന്നാണ് അവർ പറയുന്നത്.



മൂന്നു കാര്യങ്ങളിലെങ്കിലും അഭിവന്ദ്യ തെയോഫിലോസ് തിരുമേനി എന്റെ ജ്യേഷ്ഠ സഹോദരനാണ് എന്ന് നിസംശയം പറയാം. ഒന്നാമതായി, അദ്ദേഹം എന്നെക്കാൾ സീനിയറായ മെത്രാപ്പോലീത്തായാണ്. ഞങ്ങൾ രണ്ടുപേരും ഒരേ അസോസിയേഷനിൽ വച്ച് മെത്രാൻ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ടിരുന്നു. എന്നാൽ അന്ന് ഡബ്ല്യൂ.സി.സി. (സഭകളുടെ ലോക കൗൺസിൽ) യുടെ അസോസിയേറ്റ് സെക്രട്ടറിയായി പ്രവർത്തിക്കുകയായിരുന്നതിനാലും മെത്രാൻസ്ഥാന ലബ്ധിക്കുവേണ്ട യോഗ്യതകൾ എനിക്കില്ലെന്ന് തോന്നിയതിനാലും എന്റെ പേര് സ്ഥാനാർത്ഥി പട്ടികയിൽ നിന്ന് നീക്കം ചെയ്യണമെന്ന് ഞാൻ ഔപചാരികമായിത്തന്നെ അപേക്ഷ സമർപ്പിച്ചു. എന്റെ പേരിനോട് നിഷേധാത്മകമായ സമീപനമാണ് അധികാരസ്ഥാനങ്ങളിൽ നിന്നു ലഭിച്ചതെന്ന് പിന്നീട് ഞാൻ മനസ്സിലാക്കി. ഏതായാലും തെയോഫിലോസ് തിരുമേനി മെത്രാഭിഷിക്തനാവുകയും ഞാൻ പട്ടക്കാരനായി കുറേക്കാലം കൂടി തുടരുകയും ചെയ്തു. അങ്ങനെ അദ്ദേഹം എന്നെക്കാൾ വളരെ സീനിയറായ മെത്രാപ്പോലീത്തായായി.

രണ്ടാമതായി, 1954–ൽ അമേരിക്കയിലെ ഉപരിപഠനത്തിനുശേഷം നാട്ടിൽ മടങ്ങിയെത്തിയപ്പോൾ ഞാൻ കേവലം ഒരു അത്മായക്കാരൻ മാത്രമായിരുന്നു. അദ്ദേഹമോ പേരെടുത്ത ഒരു പട്ടക്കാരനും. ബഹുമാനപ്പെട്ട ഫിലിപ്പോസ് അച്ചൻ (അന്നത്തെ അദ്ദേഹത്തിന്റെ പേര്) പോൾ വർഗീസ് എന്ന എന്റെ മാർഗ്ഗദർശിയും ആത്മീയഗുരുവും ഉപദേഷ്ടാവുമായിരുന്നു. ആ കാലങ്ങളിൽ അദ്ദേഹം കോട്ടയം ചെറിയപള്ളിയിലും ഞാൻ അലുവാ ഫെലോഷിപ്പ് ഹൗസിലുമായിരുന്നു. ഞങ്ങൾക്കു രണ്ടുപേർക്കും സഭയുടെ പല പ്രധാന പദ്ധതികളിലും ക്രൈസ്തവ സഭകളുടെ കൂട്ടായ്മകളിലും ഒത്തൊരുമിച്ച് പ്രവർത്തിക്കുന്നതിനുള്ള അവസരം ലഭിച്ചു. ബഹു. അച്ചന് പരിശുദ്ധ സഭയോടുള്ള അത്യഗാധമായ സ്നേഹവും വിധേയത്വവും അതോടൊപ്പം തന്നെ എക്യുമെനിക്കൽ പ്രസ്ഥാനത്തോടുള്ള ആവേശവും അദ്ദേഹത്തെപ്പറ്റി എന്നിൽ വലിയ മതിപ്പുളവാക്കിയിരുന്നു. എന്റെ സ്നേഹ ബഹുമാന ആദരവുകൾക്ക് പാത്രീഭൂതനായ അദ്ദേഹം അന്നാളുകൾ മുതൽ തന്നെ എന്റെ ജ്യേഷ്ഠ സഹോദരനായി മാറിക്കഴിഞ്ഞിരുന്നു.

അക്കാലത്തെ ഒരു പ്രധാന സംഭവം ഇന്നും എന്റെ ഓർമ്മകളിൽ പച്ചപിടിച്ചു നിൽക്കുന്നു. കാലംചെയ്ത ഭാഗ്യസ്മരണാർഹനായ മോറാൻ മാർ ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമനസ്സിന്റെ പുണ്യസന്നിധിയിൽ എന്നെ പരിചയപ്പെടുത്തിയത് ബ. അച്ചനായിരുന്നു.




കോട്ടയം കുരിശുപള്ളിയിൽ പീസ് ലീഗിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട മരണം വരെയുള്ള നിരാഹാര സമരത്തിൽ പങ്കെടുത്ത ആറുപേർക്ക് വേദപഠന ക്ലാസുകൾ നടത്തുന്നതിൽ ഞാനും പങ്കാളിയായിരുന്നു. പാത്രിയർക്കീസ് വിഭാഗവും കാതോലിക്കാ വിഭാഗവും തമ്മിൽ അനുരഞ്ജനപ്പെടണമെന്നുള്ളതായിരുന്നു അവരുടെ ആവശ്യം. പ. കാതോലിക്കാ ബാവായാകട്ടെ, സത്യഗ്രഹികളോടോ അവരുമായി ബന്ധപ്പെടുന്നവരോടോ യാതൊരു വിധത്തിലുമുള്ള അനുഭാവമോ താൽപര്യമോ പ്രകടിപ്പിച്ചിരുന്നില്ല. കുറെക്കൂടി വ്യക്തമായി പറഞ്ഞാൽ, പോൾ വറുഗീസ് എന്നൊരു അത്മായക്കാരൻ അമേരിക്കയിൽ നിന്ന് വേദശാസ്ത്ര ബിരുദവും നേടി, നിരാഹാരം കിടക്കുന്നവർക്കും അവരെ കാണാനെത്തുന്നവർക്കും ക്ലാസ് എടുക്കുന്നത് അദ്ദേഹത്തിന് ഒട്ടും ഇഷ്ടമായില്ല. ഒരു ദിവസം ദേവലോകത്ത് വച്ച് നടത്തിയ പ്രബോധനത്തിൽ അദ്ദേഹമത് സൂചിപ്പിക്കുകയും പോൾ വറുഗീസ് പഠിപ്പിക്കുന്നത് അമേരിക്കൻ വേദപുസ്തകമാണെന്ന് അഭിപ്രായപ്പെടുകയും ചെയ്തു. ഇതറിഞ്ഞ ഫിലിപ്പോസച്ചൻ ഞാനുമായി ബന്ധപ്പെടുകയും പരിശുദ്ധ ബാവായെ കണ്ട് തെറ്റിദ്ധാരണകൾ എത്രയും പെട്ടെന്ന് തീർക്കുവാൻ ശ്രമിക്കണമെന്ന് ഉപദേശിക്കുകയും ചെയ്തു. ഞാനതിന് തയ്യാറായെങ്കിലും ഒരു നിബന്ധന വച്ചു. അതായത് ഫിലിപ്പോസച്ചൻ തന്നെ എന്നെ ബാവാതിരുമേനിയുടെ അടുക്കൽ കൊണ്ടുപോകുകയും പരിചയപ്പെടുത്തുകയും ചെയ്യണം. അങ്ങനെ ഞങ്ങൾ ഒരുമിച്ചു പോയി. പ. ബാവാ വിശുദ്ധ വേദപുസ്തകവുമായി ബന്ധപ്പെട്ട് നൂറിലധികം ചോദ്യങ്ങൾ എന്നോട് ചോദിച്ചു. പ. പിതാവിന്റെ അഗാധമായ അറിവും ആത്മീയതയിൽ മുഴുകിയ വേദപുസ്തക പരിജ്ഞാനവും എന്നെ അത്ഭുതപ്പെടുത്തുക തന്നെ ചെയ്തു. അവസാനം പോൾ വറുഗീസ് കൊള്ളാവുന്നവനാണെന്നും അയാൾ നടത്തുന്ന പഠിപ്പിക്കലുകൾ യഥാർത്ഥ ഓർത്തഡോക്സ് വിശ്വാസത്തിലധിഷ്ഠിതമാണെന്നും പ. ബാവാ ഫിലിപ്പോസച്ചനോട് പറഞ്ഞു. അന്നെന്റെ ജ്യേഷ്ഠ സഹോദരന്റെ സ്നേഹമസൃണമായ പ്രേരണയ്ക്കു വഴങ്ങി പ. ബാവായുടെ സന്നിധിയിൽ പോയില്ലായിരുന്നുവെങ്കിൽ ഇന്നും ഞാനൊരു അത്മായക്കാരനായി തുടരുമായിരുന്നില്ലേ എന്ന് ചിന്തിച്ചു പോകുന്നു. പ. സഭയിൽ മഹാപുരോഹിത ശുശ്രൂഷ നിർവഹിക്കുന്നതിനുള്ള അവസരം യാഥാർത്ഥ്യമായത് ദൈവംതമ്പുരാൻ ഫിലിപ്പോസ് അച്ചനിൽ കൂടി പ്രവർത്തിച്ചതിനാലാണെന്ന് ഞാൻ ആത്മാർത്ഥമായി വിശ്വസിക്കുന്നു. ഞാനതിലദ്ദേഹത്തോട് എന്നും കൃതാർത്ഥനുമായിരിക്കും.

മൂന്നാമതായി, എന്റെ സഹോദരൻ എന്ന നിലയിൽ ഞാൻ തെയോഫിലോസ് തിരുമേനിയോട് കടപ്പെട്ടിരിക്കുന്നത് മറ്റു സഭകളുമായി നമ്മുടെ സഭയെ ബന്ധപ്പെടുത്തിയ പ്രക്രിയയിലൂടെയും ആ ബന്ധം ശ്രദ്ധയോടെ ഊട്ടിയുറപ്പിച്ച് ബലപ്പെടുത്തിയതിലൂടെയുമാണ്. പൗരസ്ത്യ യൂറോപ്പിലെ സഭകളുമായി, പ്രത്യേകിച്ച് സേർബിയൻ സഭ, ബൾഗേറിയൻ സഭ, റഷ്യൻ ഓർത്തഡോക്സ് സഭ, റുമേനിയൻ ഓർത്തഡോക്സ് സഭ തുടങ്ങിയവയുമായി വളരെയടുത്ത സ്നേഹബന്ധമാണ് അദ്ദേഹം വളർത്തിയെടുത്തത്. ഇപ്പറഞ്ഞ സഭകളിലെ മുതിർന്ന നേതാക്കന്മാരെല്ലാം ബഹു. കോര ഫിലിപ്പോസ് അച്ചനെക്കുറിച്ച് വളരെ സ്നേഹബഹുമാനാദരവുകളോടെയാണ് ഇപ്പോഴും സംസാരിക്കാറുള്ളത്. അദ്ദേഹമിട്ട അടിസ്ഥാനത്തിന്മേലാണ് പിന്നീട് എനിക്ക് വ്യത്യസ്തമായ മറ്റൊരു ശൈലിയിലൂടെ ബന്ധങ്ങൾ വളർത്തിയെടുക്കാനായത്. ഡബ്ല്യൂ.സി.സി. യിലും അദ്ദേഹം എന്റെ ജ്യേഷ്ഠസഹോദരനായിരുന്നു. 1968 വരെയും അദ്ദേഹം ഡബ്ല്യൂ.സി.സി. യുടെ സെൻട്രൽ കമ്മിറ്റിയിൽ പ്രവർത്തിച്ചു. ഞാൻ ആ സമയത്ത് ജനീവയിൽ അസോസിയേറ്റ് ജനറൽ സെക്രട്ടറിയായി പ്രവർത്തിക്കുകയായിരുന്നു. സെൻട്രൽ കമ്മിറ്റിയിൽ പ്രവർത്തിക്കുമ്പോൾ സഭയ്ക്കുവേണ്ടി മിത്രങ്ങളെ നേടുവാനുള്ള അദ്ദേഹത്തിന്റെ നിപുണത ഒന്നു വേറെ തന്നെയായിരുന്നു. അതുപോലെ എനിക്ക് സാധിച്ചിട്ടില്ല എന്നതാണ് സത്യം. വാസ്തവത്തിൽ അദ്ദേഹത്തിന്റെ വ്യക്തിത്വം എന്റേതുമായി തട്ടിച്ചുനോക്കുമ്പോൾ എത്രയോ ഹൃദ്യവും സ്നേഹനിർഭരവുമാണ്. തന്നെയുമല്ല, എന്റെ കാർക്കശ്യവും പരുഷഭാവവും മിത്രങ്ങളെ നേടുന്നതിനു പകരം പലരെയും അകറ്റുവാനേ ഉപകരിച്ചിട്ടുള്ളു എന്നു വേണം പറയുവാൻ. അങ്ങനെ സുഹൃത്തുക്കളെ സഭയ്ക്കുവേണ്ടി നേടുന്ന കാര്യത്തിലും തെയോഫിലോസ് തിരുമേനി അതുല്യമായ സേവനമാണ് കാഴ്ചവച്ചത്.

എഴുപത്തിയഞ്ചാം ജന്മദിനാഘോഷങ്ങൾ നടക്കുന്ന ഇത്തരുണത്തിൽ എന്റെ ജ്യേഷ്ഠ സഹോദരനെ ആദരിക്കുന്നതിനും ആശംസകളർപ്പിക്കുന്നതിനും ലഭിച്ച ഈ അവസരം ഒരു വലിയ പദവിയായും അതിലേറെ ഹൃദയഹാരിയായ അനുഭവമായും ഞാൻ കണക്കാക്കുന്നു. ഇനിയും അനേക വർഷങ്ങൾ ഈ സഭയെ ശുശ്രൂഷിക്കുന്നതിനുവേണ്ട ബുദ്ധിയും കഴിവും ആരോഗ്യവും പ്രാപ്തിയും അദ്ദേഹത്തിന് ലഭിക്കുമാറാകട്ടെ എന്ന് ആശംസിക്കുന്നു.

അഭി. തെയോഫിലോസ് തിരുമേനിയെ സഭയ്ക്കായി നൽകിയ സർവ്വശക്തനായ ദൈവം തമ്പുരാന്റെ കൃപയും കരുണയും മഹത്വപ്പെടുമാറാകട്ടെ.

(ഇംഗ്ലീഷ് ലേഖനത്തിന്റെ മലയാള പരിഭാഷ. പരിഭാഷകൻ: ബാബു കുര്യൻ പുളിയേരിൽ)



Rev. Fr. John Peedikayil
(Bijo)



Rev. Fr. Wilson Abraham

## Prayerful Wishes for a Blessed Ministry.



Rev. Dn. Reuben T. Mathew



Rev. Dn. John Easo

# സഭ, സ്വത്വം, ഭാവി: ഒരു മനക്കോട്ട വിചാരം

ഫാ. ഡോ. കെ. എം. ജോർജ്

കേരളത്തിൽ സുറിയാനി പാരമ്പര്യത്തിലുള്ള ചില ക്രിസ്തീയ സഭകളുടെ ഇപ്പോഴത്തെ അവസ്ഥയും ഭാവിയും സംബന്ധിച്ച് ചില എളിയ നിരീക്ഷണങ്ങൾ നടത്താൻ മാത്രമെ ഇവിടെ ശ്രമിക്കുന്നുള്ളു. ചരിത്രപരവും വേദശാസ്ത്രപരവും സാമൂഹ്യശാസ്ത്രപരവുമായ ഗാഢമായ ഗവേഷപഠനം ആവശ്യപ്പെടുന്ന മേഖലയാണിത് എന്നറിയാം. എങ്കിലും ക്രിസ്തീയ സഭകൾ ഇപ്പോഴത്തെ നിലയിൽ പലതാകുന്നതിന് മുമ്പ് പുരാതന അവിഭക്ത സഭയിൽ (Undivided Church) ഉണ്ടായിരുന്ന ചില വേദശാസ്ത്രപരമായ ഉൾക്കാഴ്ചകളും സഭാശാസ്ത്രപ്രകാരമുള്ള (Ecclesiological) പുരാതന തത്വങ്ങളും ഓർത്തുകൊണ്ടു മാത്രമാണ് ഈ പരീക്ഷണ കുറിപ്പ് എഴുതുന്നത്. കേരളത്തിലെ എല്ലാ സഭകളിലുമുള്ള അത്മായരും വൈദികരും സന്യസ്തരും മെത്രാന്മാരുമായ ചില ഉത്തമ സുഹൃത്തുക്കളുടെ ആത്മാർത്ഥമായ സൗഹൃദ സൗരഭ്യം എല്ലാ ഭിന്നതകൾക്കും അതീതമായി ദൈവരാജ്യത്തിന്റെ തന്നെ സുഗന്ധമായി കരുതിയാണ് ഈ നിരീക്ഷണങ്ങൾ നടത്തുന്നത്. ഈ ലേഖകന് നേരിട്ട് കൂടുതൽ പരിചയമുള്ളത് സുറിയാനി പാരമ്പര്യത്തിലുള്ള സഭകളോടാണ്. അതുകൊണ്ട് ഇവിടെ പറയുന്ന കാര്യങ്ങൾ പ്രധാനമായും ആ വിഭാഗത്തിൽപ്പെട്ട ചില സഭകളെ കുറിച്ചാണ്. പ്രശസ്തമായ ലത്തീൻ പാരമ്പര്യത്തോടുള്ള സ്നേഹാദരവുകൾ ഇവിടെ സ്മരിക്കുക മാത്രം ചെയ്യുന്നു.

മാർത്തോമ്മാ ശ്ലീഹായുടെ ആത്മീയ പൈതൃകം അവകാശപ്പെടുന്ന സഭകൾ ഇന്ന്, കത്തോലിക്കാ (സിറോ മലബാർ, സിറോ മലങ്കര), മലങ്കര ഓർത്തഡോക്സ്/യാക്കോബായ, മാർത്തോമ്മാ, ഭാഗികമായി സി.എസ്.ഐ., കൽദായ, തൊഴിയൂർ വിഭാഗങ്ങളിലാണല്ലോ. ഇവയിൽ ജനസംഖ്യ, സമ്പത്ത്, സ്ഥാപനങ്ങൾ, പള്ളികൾ, വൈദികർ, സന്യസ്തർ, മെത്രാന്മാർ എന്നിവയെല്ലാം എടുത്താൽ ഏറ്റവും പ്രബലമായത് സിറോ മലബാർ കത്തോലിക്കാ സഭയാണ്.

16-ാം നൂറ്റാണ്ടിനു ശേഷമാണല്ലോ ഈ വ്യത്യസ്ത സഭാ പേരുകൾ ഉടലെടുത്തത്. അതുവരെ കേരളത്തിലെ ക്രിസ്ത്യാനികളെല്ലാം ഒരൊറ്റ ക്രിസ്തീയ സഭയും ഒരേ "ജാതി"യുമായിരുന്നു. ക്രിസ്ത്യാനികൾക്ക് ജാതി തിരിക്കാൻ വേദശാസ്ത്രപരമായ അനുവാദമില്ലെങ്കിലും നസ്രാണികൾ പരസ്പരം രക്തബന്ധമുള്ള ഒരൊറ്റ സമുദായം (Ethnic Community) ആയിട്ടാണല്ലോ കഴിഞ്ഞു വന്നത്. ഇവിടെയാണ് നിർണ്ണായകമായ ചോദ്യം ഉയരുന്നത്. ആരാണ് അവരെ ഭിന്നിപ്പിച്ചത്? എന്തുകൊണ്ടാണ് ഈ ഏക സമുദായം/സഭ പലതായി പിരിയുകയും പരസ്പരം മത്സരബുദ്ധിയോടെ പ്രവർത്തിച്ചു തുടങ്ങുകയും കുറെയൊക്കെ തമ്മിലടിക്കുകയും ചെയ്തത്? ഇതാണ് ചോദ്യം. ഇതിനുത്തരം ചരിത്രപരമായി വളരെ വ്യക്തമാണ്: കൊളോണിയൽ-മിഷണറി അധിനിവേശം.
ആദ്യം പോർച്ചുഗീസുകാർ, പിന്നെ ബ്രിട്ടീഷുകാരും. രാഷ്ട്രീയ അധിനിവേശമില്ലാതെ പിന്നീട് വന്ന അമേരിക്കക്കാർ, ജർമ്മൻകാർ തുടങ്ങിയവരും വിവിധ പാശ്ചാത്യ വിഭാഗങ്ങളിൽപെട്ട 'മിഷണറി"മാരുമാണ് ഈ അധിനിവേശത്തിന്റെ കാർമ്മികർ.

പോർച്ചുഗീസ് അധിനിവേശത്തിനു മുമ്പുള്ള ഇൻഡ്യൻ സഭയെ ആണ് ഈ ലേഖനത്തിൽ മലങ്കര/മലബാർ എന്ന് സൂചിപ്പിക്കുന്നത്. കൊളോണിയൽ പ്രസ്ഥാനത്തിന്റെ ആഘാതം സുറിയാനി ആരാധനാ പൈതൃകത്തിൽ നിന്നിരുന്ന ഏക മലങ്കര/മലബാർ സഭയെ ഭിന്നിപ്പിക്കുകയും ക്രമേണ വ്യത്യസ്ത പാശ്ചാത്യ സഭാ പാരമ്പര്യങ്ങളുമായിട്ട് ചില വിഭാഗങ്ങളെ ബന്ധിക്കുകയും ചെയ്തു. ഉദാഹരണം: റോമൻ (ലാറ്റിൻ), ആംഗ്ലിക്കൻ, പ്രസ്ബിറ്റീരിയൻ, ലൂഥറൻ, ബാപ്റ്റിസ്റ്റ്, പെന്റക്കോസ്റ്റൽ തുടങ്ങിയവ. ഇവയ്ക്ക് ഓരോന്നിനും അതാതിന്റെ സഭാശാസ്ത്രം (ecclesiology) ഉണ്ട്. പൗരസ്ത്യ ബന്ധങ്ങളെ സംബന്ധിച്ച് നേരത്തെ ഉണ്ടായിരുന്ന (അസ്സീറിയൻ) പൗരസ്ത്യ സുറിയാനി പാരമ്പര്യം കൂടാതെ 17-ാം നൂറ്റാണ്ടിൽ അന്ത്യോഖ്യൻ പാശ്ചാത്യ സുറിയാനി ബന്ധം നിലവിൽ വന്നു.

ഈ വ്യത്യസ്ത സഭാശാസ്ത്രങ്ങൾക്ക് പുറകിൽ വിവിധ വിദേശ സാമ്രാജ്യങ്ങളുടെ നിഴൽപാടുകളുണ്ട്. ഉദാഹരണമായി: പാശ്ചാത്യ റോമൻ, പൗരസ്ത്യ റോമൻ അഥവാ ബിസെന്റൈൻ, ബ്രിട്ടീഷ്, ഫ്രഞ്ച്, 'അമേരിക്കൻ', ജർമ്മൻ (ഓസ്ട്രോ-ഹംഗേറിയൻ). പഴയ റോമാ സാമ്രാജ്യത്തിന്റെ അതിരുകൾക്കുള്ളിൽ നിലനിന്നിരുന്ന അലക്സാന്ത്രിയ, അന്ത്യോഖ്യാ തുടങ്ങിയ പുരാതന സഭാകേന്ദ്രങ്ങൾ ക്രമേണ സ്വീകരിച്ച സാമ്രാജ്യ സഭാശാസ്ത്രം (Imperial Ecclesiology), അതിനു മുമ്പുണ്ടായിരുന്ന അവിഭക്ത സഭയുടെ സഭാശാസ്ത്രവുമായി (Local Church Ecclesiology of the Undivided Church) എപ്പോഴും ചേരുമായിരുന്നില്ല. എങ്കിലും കേരളത്തിലെ സഭകളിൽ മേൽക്കൈ നേടിയതു സാമ്രാജ്യ സഭാശാസ്ത്രമാണ്. ഇവിടെയുണ്ടായിക്കൊണ്ടിരിക്കുന്ന സഭാസംഘർഷങ്ങളുടെ മൂല കാരണം ഈ വിരുദ്ധ സഭാശാസ്ത്രങ്ങളുടെ കൂട്ടിപ്പി



ടിക്കലാണ് എന്ന് ഈ ചെറു ലേഖനത്തിൽ സൂചിപ്പിക്കുക മാത്രം ചെയ്യുന്നു.

പോർച്ചുഗീസ് നാവികനായ വാസ്കോദഗാമ 1498-ൽ കോഴിക്കോട്ട് കാപ്പാട് കടപ്പുറത്ത് ഇറങ്ങിയതിന് ശേഷം 16-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ തന്നെ ജെസ്യൂട്ട് മിഷനറിമാർ ഇവിടെ വന്നു തുടങ്ങി. അതിനു മുമ്പുള്ള മലങ്കര/മലബാർ സഭയുടെ ചരിത്രം കാര്യമായി ഒന്നും നമുക്കറിഞ്ഞു കൂടാ. ഇറാക്കിലെ (പേർഷ്യ എന്നു പൊതുവെ പറയുന്ന) പ്രദേശത്തു നിന്നുള്ള ('നെസ്തോറിയൻ') പൗരസ്ത്യ സുറിയാനി സഭയുമായി ചില ആത്മീയ ബന്ധങ്ങൾ ഉണ്ടായിരുന്നു എന്നും, പോർച്ചുഗീസുകാർ വരുമ്പോൾ പൗരസ്ത്യ സുറിയാനി ഭാഷയിലായിരുന്നു നമ്മുടെ പ്രധാന ആരാധനാ ഗ്രന്ഥങ്ങൾ എന്നും മാത്രമെ നമുക്കറിയാവൂ. അതിനപ്പുറത്തുള്ള വ്യാഖ്യാനങ്ങളൊക്കെ കേരളത്തിൽ പിൽക്കാലത്ത് വിഭജിക്കപ്പെട്ട സഭകളുടെ പുതിയ ബാന്ധവങ്ങളുടെ നിലപാടുകൾ വച്ചുകൊണ്ട് പുറകോട്ടുള്ള ചരിത്രവായനയാണ് എന്ന് നാം വിനയപൂർവ്വം സമ്മതിക്കണം. ഇത് സമ്മതിച്ചാൽ ഇപ്പോൾ ഓരോരുത്തർ നിൽക്കുന്ന സഭാപാരമ്പര്യത്തിന്റെ കേവലാധികാരം ചോദ്യം ചെയ്യപ്പെടാം എന്ന ഭയം ചിലർക്കുണ്ടാകാം എന്നത് വിസ്മരിക്കുന്നില്ല.

ഏതാണ്ട് 3-ാം നൂറ്റാണ്ട് മുതൽക്കെങ്കിലും ഇന്ത്യയുടെ ദക്ഷിണഭാഗത്തുള്ള നമ്മുടെ പുരാതന ക്രിസ്തീയ സമൂഹത്തെക്കുറിച്ച് നേരിയ സൂചനകൾ ഉണ്ട്. ഇവിടെയൊരു പുരാതന ക്രിസ്തീയ കൂട്ടം ഉണ്ടായിരുന്നു എന്നതിൽ കവിഞ്ഞ് വിശദാംശങ്ങൾ ഒന്നും നമുക്ക് ലഭ്യമായിട്ടില്ല. അപ്പോൾ പാശ്ചാത്യ കൊളോണിയൽ - മിഷനറി പ്രസ്ഥാനത്തോടു കൂടിയാണ് നാം ഇന്നറിയുന്ന കേരളത്തിലെ ക്രിസ്തീയ സഭയ്ക്ക് സ്വാവബോധം (Self-awareness) ഉണ്ടാകുന്നത്. പക്ഷേ അപ്പോഴേക്കും നാം വിഭജിക്കപ്പെട്ടു കഴിഞ്ഞു. ഓരോ വിഭാഗവും ഇന്ത്യയ്ക്ക് പുറത്തുള്ള ഏതെങ്കിലും പുരാതന ക്രിസ്തീയ കേന്ദ്രവുമായി ബന്ധപ്പെട്ട് തുടങ്ങി.

പാശ്ചാത്യ കൊളോണിയൽ-മിഷനറി അധിനിവേശത്തിന്റെ വിജയക്കൊടിയായി നാം കാണുന്നത് 1599-ലെ ഉദയംപേരൂർ സുന്നഹദോസാണ്. അതോടുകൂടി ഏതാണ്ട് അര നൂറ്റാണ്ടിലധികം കേരളത്തിലെ ഏക പുരാതന സഭ പാശ്ചാത്യ അധിനിവേശത്തിന്റെ അടിമത്തം സ്വീകരിക്കാൻ നിർബന്ധിതയായി. പിന്നീട് 1653-ൽ ആ അടിമത്ത ചങ്ങല തകർത്ത സഭാ സ്വാതന്ത്ര്യ പ്രസ്ഥാനത്തിന്റെ ചരിത്രസ്മാരകമാണ് കൂനൻകുരിശ് സത്യം. മലങ്കര/മലബാർ സഭയിലെ മിക്കവാറും എല്ലാ ഇടവകകളും ആ പ്രതിഷേധ യജ്ഞത്തിൽ പങ്കെടുത്തതായാണ് ചരിത്രം പറയുന്നത്. എന്നാൽ പാശ്ചാത്യ മിഷനറിമാർ അടവുകൾ മാറ്റി അധിനിവേശ പ്രക്രിയ തുടർന്നു. അങ്ങനെ തെറ്റുധാരണാജനകമായ പഴയകൂർ, പുത്തൻകൂർ എന്നീ പേരുകളിൽ കേരളസഭ ഭിന്നിച്ചു തുടങ്ങി.

പിന്നീടുള്ള ചരിത്രം വിഭാഗീയതയുടെ ചരിത്രമാണ്. അവിടെ നാം കാണുന്നത് ഒന്നോടൊന്ന് ചേരാത്ത ചരിത്രവ്യാഖ്യാനങ്ങളാണ്. ഓരോ വിഭാഗവും അതാതിന്റെ നിലപാടിനെ ന്യായീകരിക്കുന്ന സഭാശാസ്ത്രവും (Ecclesiology)

സഭാചരിത്രവും (Church History) ഉണ്ടാക്കാൻ തുടങ്ങി. അവരവരുടെ വിശ്വാസികളായ ജനങ്ങളെ അത് പഠിപ്പിച്ചു. 16-ാം നൂറ്റാണ്ടു വരെ ഏകമായിരുന്ന മലങ്കരസഭയിലെ ജനങ്ങളിൽ ഒരു നല്ല പങ്ക് ക്രമേണ റോമാ, അന്ത്യോഖ്യാ എന്നീ പുരാതന റോമൻ സാമ്രാജ്യ സഭാകേന്ദ്രങ്ങളുടെ പേരിൽ അവരവരുടെ തനിമ പ്രകടിപ്പിക്കാൻ തുടങ്ങി. പിന്നീട് 19-ാം നൂറ്റാണ്ടോടുകൂടി ബ്രിട്ടീഷ്, അമേരിക്കൻ, ജർമ്മൻ പ്രദേശങ്ങളിലെ നവീകരണ പ്രൊട്ടസ്റ്റന്റ് പാരമ്പര്യങ്ങളുടെ കടന്നുകയറ്റം നമ്മുടെ വിഭാഗീയതയ്ക്ക് പുതിയ മുഖങ്ങൾ സൃഷ്ടിച്ചു. ഇന്ന് എല്ലാ വിഭാഗങ്ങളിലെയും പണ്ഡിതരെന്ന് കരുതപ്പെടുന്ന ചരിത്രകാരന്മാർ ഒരുമിച്ചിരുന്ന്, നമുക്കൊരു മലങ്കര/മലബാർ സഭാചരിത്രം എഴുതാമെന്ന് തീരുമാനിച്ചാൽ അതൊരിക്കലും സാദ്ധ്യമാവുകയില്ല. അത്രയധികം വൈദേശിക കൊളോണിയൽ-മിഷനറി പ്രസ്ഥാനങ്ങൾ നമ്മുടെ ചില സഭകളെ സാമ്പത്തികമായും സാംസ്കാരികമായും സഭാഭരണശൈലി അനുസരിച്ചു സ്വാധീനിച്ചു. മറ്റു ചില സഭകളെ ആരാധനാ-പട്ടത്വ പാരമ്പര്യമനുസരിച്ച് വേർതിരിച്ചു. അങ്ങനെ ഒരിക്കൽ ഒന്നായിരുന്ന കേരളത്തിലെ പുരാതന ക്രിസ്ത്യാനികളെ ചാപ്പകുത്തി വർഗ്ഗീകരിക്കുകയും ചെയ്തു. ഓരോ വിഭാഗത്തിലും ഉണ്ടായിരിക്കുന്ന പൗരോഹിത്യ സംവിധാനവും അതിന്റെ മുതൽപ്പിടിക്കാരും ഒരിക്കലും ഒരു ഏകചരിത്രബോധത്തിന് വഴങ്ങുകയോ അവരുടെ വിശ്വാസികളെ അതിനനുവദിക്കുകയോ ചെയ്കയില്ല. കാരണം വ്യക്തമാണല്ലോ. അതുകൊണ്ട് മലങ്കര/മലബാർ സഭയുടെ "പൊതുചരിത്രം" എന്ന സങ്കൽപ്പത്തെ നമുക്ക് ഇവിടെ തൽക്കാലം വിസ്മരിക്കാം. ഇവിടെ നാം സ്വീകരിച്ചിരിക്കുന്ന സഭാശാസ്ത്ര സിദ്ധാന്തങ്ങളെക്കുറിച്ചും അവയുടെ സ്രോതസ്സുകളെക്കുറിച്ചുമുള്ള (Ecclesiologies and their sources) ഗൗരവമായ ചർച്ചയിലൂടെ മാത്രമേ നമ്മുടെ പൊതുസഭാചരിത്രത്തിലേക്ക് നമുക്കു പ്രവേശിക്കാനാവൂ. ആ സഭാശാസ്ത്ര പരിണാമം (Ecclesiological evolution), മുൻവിധിയും പക്ഷപാതവും കൂടാതെ വിശകലനം ചെയ്യാൻ നാം സന്നദ്ധരായാൽ നമുക്ക് അൽപ്പം ഭാവിപ്രത്യാശയുണ്ട്.

സീറോ-മലബാർ കത്തോലിക്കാ സഭയിൽ അടുത്ത കാലത്തായി രൂക്ഷമായ വിവാദം, അതായത് വിശുദ്ധ കുർബാന അർപ്പിക്കുന്ന വൈദികൻ, രണ്ടാം വത്തിക്കാൻ സുന്നഹദോസ് വെളിച്ചത്തിൽ ജനങ്ങൾക്കു അഭിമുഖമായി നിന്നാണോ അതോ പഴയ പൗരസ്ത്യ രീതിയിൽ ജനങ്ങൾക്ക് പിൻതിരിഞ്ഞു നിന്നാണോ കർമ്മം അനുഷ്ഠിക്കേണ്ടത് എന്ന ചോദ്യം. ഇത് അടിസ്ഥാനപരമായി റോമൻ സഭാശാസ്ത്രം, സാമ്രാജ്യത്വ അധിനിവേശം എന്നിവയോട് ബന്ധപ്പെട്ടതാണ്. തദ്ദേശീയമായിരുന്ന പൗരസ്ത്യ ദേവാലയ വാസ്തുശിൽപ്പം, പൂർവ്വദിഗ്ബോധം, അൾത്താരയുടെ സ്ഥാനചലനം എന്നിവയും ബന്ധപ്പെട്ട പ്രധാന കാര്യങ്ങളാണ്.

അതുപോലെ ഓർത്തഡോക്സ്/യാക്കോബായ (ആരാധനയിലും വിശ്വാസത്തിലും ഒരേ സഭയായാണ് ഇത്; രണ്ടായി വ്യവഹരിക്കപ്പെടുന്നുണ്ടെങ്കിലും) സഭയിൽ ഏകദേശം ഒന്നര നൂറ്റാണ്ടിനു മുമ്പ് ക്രമേണ തുടങ്ങിയ തർക്കം, അതായത് പഴയ റോമാ സാമ്രാജ്യത്തിലെ അന്ത്യോഖ്യാ കേന്ദ്രമാക്കിയ സുറിയാനി ഓർത്തഡോക്സ് പാത്രിയർക്കീസിനാണോ, അതോ കേരളത്തിലെ തദ്ദേശീയ സഭയുടെ തദ്ദേശീയ അദ്ധ്യക്ഷന്മാർക്കാണോ മലങ്കര നസ്രാണികളുടെ മേൽ അധികാരത്തിന്റെ മേൽക്കൈ എന്ന ചോദ്യം. ഇത് അന്ത്യോഖ്യയെ ഉൾക്കൊള്ളുന്ന റോമാ സാമ്രാജ്യത്വം, സഭാപരമായ അധിനിവേശം, ഇവിടെ നിലനിന്നിരുന്ന തദ്ദേശീയ പൗരസ്ത്യ പാരമ്പര്യം എന്നിവയോട് ബന്ധപ്പെട്ടതാണ്.

അതുകൊണ്ട് മേൽപ്പറഞ്ഞ രണ്ടു വിവാദങ്ങളും അതീവ സാമ്യമുള്ളതാണ്. ഈ ലേഖകന്റെ എളിയ അഭിപ്രായത്തിൽ രണ്ടു വിവാദങ്ങളും ഒരേ നാണയത്തിന്റെ ഇരുവശങ്ങളാണ്. ഇങ്ങനെ പറയുമ്പോൾ സാധാരണഗതിയിൽ ഈ സഭകളിൽപെട്ടവർ പലരും വൈകാരികമായി പ്രതികരിക്കും. അത് സ്വാഭാവികമാണ്. ഏതാണ്ട് കഴിഞ്ഞ നാലു നൂറ്റാണ്ടുകളിൽ വിദേശീയരും പിന്നീട് അവരെ അനുസരിച്ച തദ്ദേശീയരുമായ നേതാക്കളും നസ്രാണി സമൂഹത്തിൽ ശാഠ്യപൂർവ്വം നടത്തിയ വിശ്വാസ സിദ്ധാന്ത പ്രക്ഷാളനം (indoctrination) മൂലം ജനങ്ങൾ അവരുടെ സഭാപരമായ തനിമ (identity) കണ്ടെത്തുന്നത് ഇതര സഭകളെ അഗണ്യകോടിയിൽ തള്ളിയാണ്. സ്വന്തം സഭാപാരമ്പര്യം വളരെ ശ്രേഷ്ഠവും മറ്റതൊക്കെ അക്രൈസ്തവവും അധമവുമാണ് എന്നു തന്നെയാണ് ജനങ്ങളും അവരുടെ വൈദികശ്രേണിയിൽ മിക്കവരും പഠിച്ചും പഠിപ്പിച്ചുംകൊണ്ടിരുന്നത്. സ്വന്തം സ്വത്വം (identity) ഭദ്രമാക്കി നിലനിർത്താനും അങ്ങനെ തങ്ങളുടെ മനശ്ശാസ്ത്രപരമായ സുരക്ഷിതത്വബോധം ഉറപ്പിക്കാനും ഈ 'അപരസിദ്ധാന്ത ഭയം' (ശശി തരൂരിന്റെ ഭാഷയിൽ Allodoxophobia!) ആവശ്യമാണല്ലോ.

എന്നാൽ വൈകാരിക നിലപാടുകൾ മയപ്പെടുത്തി, യുക്തിസഹമായ ചോദ്യങ്ങൾ നാം ചോദിക്കണം. ഏകമായിരുന്ന പുരാതന ഭാരതീയ സഭയുടെ സഭാശാസ്ത്രം എന്തായിരുന്നു? പിന്നീട് അതിനുണ്ടായ പരിണാമങ്ങൾ എന്തൊക്കെയാണ്? പാശ്ചാത്യവും പൗരസ്ത്യവുമായി സഭാശാസ്ത്രം വേർതിരിയാൻ കാരണങ്ങൾ എന്ത്? റോമൻ/ബിസന്റൈൻ സാമ്രാജ്യ ശൈലിയുടെ സ്വാധീനം സഭകളുടെ അധികാരസങ്കൽപ്പത്തിൽ എന്ത് മാറ്റങ്ങൾ ഉണ്ടാക്കി? പാശ്ചാത്യ കൊളോണിയൽ-മിഷനറി പ്രസ്ഥാനം പൗരസ്ത്യ രീതികളിലൂടെ സഭകളിൽ സൃഷ്ടിച്ച സ്വത്വപ്രതിസന്ധി (identity crisis) എന്ത് ആയിരുന്നു? തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് ഗൗരവമായ പഠനവും സ്നേഹപൂർവ്വമായ സംവാദങ്ങളും നടത്തുകയാണ് യുക്തം. ഇങ്ങനെ ചർച്ചകൾ നടക്കുകയും അവയിൽ നിന്ന് സുചിന്തിതവും സന്തുലിതവുമായ നിഗമനങ്ങളിൽ നാം എത്തുകയും ചെയ്താലും, അതൊന്നും ഓർത്തഡോക്സ്/യാക്കോബായ സഭയിലെ ഇപ്പോഴത്തെ പ്രശ്നമോ സീറോ-മലബാർ സഭയിലെ കുർബാന വിവാദമോ പരിഹരിക്കാൻ ഉതകുമോ എന്നത് സംശയമാണ്. കാരണം അത്രയുണ്ട് നമ്മുടെ വിശ്വാസികളുടെ മസ്തിഷ്ക്ക പ്രക്ഷാളനം! എങ്കിലും ഭാവിക്കുവേണ്ടി, അങ്ങനെ ചെയ്തുവയ്ക്കുന്നത് നല്ലതാണ്. ഭാവിയിൽ ആരെങ്കിലും ഒരു പുതിയ മാതൃകയ്ക്കായി തിരയുമ്പോൾ അവർക്ക് കണ്ടെത്താവുന്ന നിഗൂഢമായ വിഭവമായി അതിനെ തൽക്കാലം സൂക്ഷിക്കാം.

മുകളിൽ സൂചിപ്പിച്ച ചോദ്യങ്ങളെക്കുറിച്ച് ഈ ചെറിയ ലേഖനത്തിൽ ചർച്ച ചെയ്യുക സാദ്ധ്യമല്ലല്ലോ. മാത്രവുമല്ല ആ ചോദ്യങ്ങളിൽ നിന്ന് ഉദ്ഭവിക്കുന്ന ചരിത്രപരവും സഭാശാസ്ത്രപരവുമായ വിശദാംശങ്ങളിലേക്ക് കടക്കാനുള്ള അറിവും ഈ ലേഖകനില്ല. ഇത് കൂട്ടായ ഒരു ശ്രമത്തിലൂടെ മാത്രം കൈവരിക്കേണ്ടതാണ്. അതുകൊണ്ട് ചില ചെറിയ നിരീക്ഷണങ്ങൾ കൂടി നടത്താം:

സീറോ മലബാർ സഭയിലുണ്ടായതുപോലെ, കുർബാനയുടെ 'ദിശാവിവാദം' ഒരിക്കലും ഓർത്തഡോക്സ്/യാക്കോബായ സഭയിലുണ്ടാവുകയില്ല. കാരണം, അവർ രണ്ടു കക്ഷികളായി തിരിഞ്ഞ് അതി ദീർഘമായ വ്യവഹാരങ്ങൾ നടത്തിയെങ്കിലും അവരുടെ ആരാധനാപരമായ സഭാശാസ്ത്രം (liturgical ecclesiology) ഒന്നുതന്നെയാണ്. അതായത്, കിഴക്കുപടിഞ്ഞാറായി, പണിത പള്ളിയിൽ, മെത്രാന്മാരും വൈദികരും ശെമ്മാശന്മാരും വിശ്വാസികളും എല്ലാം ഉൾപ്പെട്ട സഭാശരീരം മുഴുവനായി, സഭയുടെ തലയാകുന്ന ക്രിസ്തുവിനോട് ചേർന്ന് പിതാവാം ദൈവത്തിങ്കലേക്ക് തിരിയുന്നു. ദിശാപരമായി, കിഴക്ക് പൂർവ്വപിതാക്കൾക്ക് നഷ്ടപ്പെട്ട പറുദീസയിലേക്കും നീതിസൂര്യനായ ക്രിസ്തു ഉദിക്കുന്ന കിഴക്കു ദിക്കിലേക്കും തിരിയുന്നു എന്നു മാത്രം. കിഴക്കു ദിക്കിന്റെ ഈ പ്രാമുഖ്യം വേദപുസ്തകപരവും പൗരസ്ത്യസഭാ പാരമ്പര്യാനുസൃതവും തദ്ദേശീയ-ഭാരതീയ ധാരണയനുസരിച്ചും ആയതുകൊണ്ട് അങ്ങനെയൊരു തർക്കം ഇവിടെ ഉദ്ഭവിക്കുന്നില്ല. ആരുടെ പിൻഭാഗം, മുൻ ഭാഗം തുടങ്ങിയ ചോദ്യങ്ങളൊന്നും ഈ വേദശാസ്ത്ര സങ്കൽപ്പത്തിൽ ഉദിക്കുന്നേയില്ല.

സീറോ മലബാർ സഭയിൽ, ആരാധനാപരമായ സഭാശാസ്ത്രത്തിൽ (Liturgical Ecclesiology) ഒരു ദിശാസംഘർഷമുണ്ട്. പൗരസ്ത്യ നസ്രാണി സമൂഹത്തിൽ നിന്ന് പാശ്ചാത്യ റോമൻ പാരമ്പര്യത്തോട് ചേർന്നുനിന്ന് പിന്നീട് സീറോ മലബാർ സഭയായിത്തീർന്ന പ്രബല വിഭാഗത്തിന് സഭാശാസ്ത്രപരമായി രണ്ടിനോടും ആഭിമുഖ്യവും ബന്ധവുമുണ്ട്. എന്നാൽ ആധുനിക കാലത്ത് ഭാരതീയ-പൗരസ്ത്യ കത്തോലിക്കാ സഭയുടെ സ്വത്വം/തനിമ (Identity) എന്താണ് എന്ന ചോദ്യം ഉയർന്നു വരികയും തൽഫലമായി മുമ്പ് അന്തർലീനമായിരുന്ന പൗരസ്ത്യ-പാശ്ചാത്യ സംഘർഷം (conflict) കൂടുതൽ വ്യക്തമായി എന്നു മാത്രം.

മേൽപ്പറഞ്ഞ ദിശാസങ്കരത്തിന്റെ സഹജമായ അസ്വാരസ്യങ്ങൾ ആദ്യകാലത്ത് ആ സഭാവിഭാഗത്തിൽ കാര്യമായി പ്രകടമായില്ല. കാരണം, മാർപാപ്പായുടെ സാർവ്വത്രിക ഇടയ സിദ്ധാന്തം, റോമിന്റെ പ്രബലമായ ഏകീകരണശേഷി, പാശ്ചാത്യമായ സാമ്പത്തികവും വൈദികവും പ്രബോധനപരവും പരിശീലനപരവുമായ വിഭവശേഷിയുടെ അതിപ്രവാഹം, കൊളോണിയൽ-മിഷനറി സംവിധാനത്തിന്റെ കെട്ടുറപ്പ്, എല്ലാം ചേർന്ന് വിഭിന്നാഭിപ്രായങ്ങളെ ക്രമേണ ഒതുക്കിനിർത്തിയിരുന്നു. പതിനെട്ടാം നൂറ്റാണ്ടിൽ തദ്ദേശീയ മെത്രാനെ വേണമെന്ന ആവശ്യവുമായി റോമിൽ പോയ പാറേമാക്കൽ തോമാ കത്തനാർ പാശ്ചാത്യരെ പരാമർശിച്ച് 'വർത്തമാന പുസ്തക'ത്തിൽ ഉപയോഗിച്ച ഭാഷാപ്രയോഗങ്ങളും ഏതാണ്ട് നൂറു വർഷങ്ങൾക്കുശേഷം ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചൻ ഉപയോഗിച്ച ഭാഷാപ്രയോഗങ്ങളും തമ്മിലുള്ള അന്തരം ശ്രദ്ധേയമാണ്.

ഓർത്തഡോക്സ്/യാക്കോബായ സഭയിൽ മേൽപ്പറഞ്ഞതുപോലെ ആരാധനാപരമായ ഉരസൽ ഉണ്ടാകേണ്ട ആവശ്യം വന്നില്ലെങ്കിലും, വൈദികാധികാരപരമായ സഭാശാസ്ത്രം (Ecclesiology of Hierarchical Authority) സംബന്ധിച്ചു സംഘർഷം ഉടലെടുത്തു. 1876-ൽ അന്ത്യോഖ്യാ പാത്രിയർക്കീസായിരുന്ന പത്രോസ് തൃതീയൻ മലങ്കരയിൽ വിളിച്ചുകൂട്ടിയ മുളന്തുരുത്തി സുന്നഹദോസ് നിർണ്ണായകമായ വഴിത്തിരിവായി. പോർച്ചുഗീസ്-റോമൻ കൊളോണിയൽ-മിഷണറി ആധിപത്യത്തിന് പുരാതന പൗരസ്ത്യ ഭാരതീയ സഭയെ വിനീത വിധേയയാക്കാൻ, ഗുവർണദോർ ആർച്ച്ബിഷപ്പ് മെനെസിസ് എങ്ങനെ ശ്രമിച്ചുവോ ഏതാണ്ട് സമാനമായ (വളരെ വളരെ ചെറിയ സ്കെയിലിലാണെങ്കിലും) ഒരു ശ്രമമാണ് പത്രോസ് പാത്രിയർക്കീസ് മലങ്കരസഭയെ തനിക്കു വിധേയമാക്കാൻ നടത്തിയ മുളന്തുരുത്തി സുന്നഹദോസ്. രണ്ടു സുന്നഹദോസുകളിലും നസ്രാണികൾക്ക് സംഘടനാപരമായി പ്രയോജനപ്പെടുന്ന ചില

കാര്യങ്ങൾ നടന്നു എന്നതിൽ തർക്കമില്ല. എന്നാൽ ആകെത്തുകയിൽ അത് അധിനിവേശത്തിന്റെ സഭാപരമായ വെന്നിക്കൊടി പാറിക്കലായിരുന്നു. പത്രോസ് പാത്രിയർക്കീസ് ഇവിടെ വന്നത് പ്രധാനമായും നവീകരണപ്രസ്ഥാനത്തിന്റെ ഭീഷണിയിൽ നിന്നും മലങ്കരസഭയെ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ ആയിരുന്നു (മലങ്കരസഭ ഇക്കാര്യത്തിന് അദ്ദേഹത്തെ ക്ഷണിച്ചു വരുത്തുകയും ചെയ്തതാണ് എന്ന കാര്യം നാം മറക്കരുത്). പക്ഷേ അദ്ദേഹം നേരിട്ട് ഇന്ത്യയിൽ വരുന്നതിനു പകരം, അന്ന് ഇന്ത്യ ഭരിച്ചിരുന്ന ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ പരമാധികാരിയും കൊളോണിയൽ പ്രസ്ഥാനത്തിന്റെ ആഗോള പ്രതീകവുമായിരുന്ന വിക്റ്റോറിയാ രാജ്ഞിയെ മുഖം കാണിച്ച് അനുവാദ കല്പനയും മറ്റും വാങ്ങിയിട്ടാണ് വന്നത് എന്ന് ചില ചരിത്രകാരന്മാർ പറയുന്നു. ഇതൊരു സാധാരണ നടപടിയായി വിശേഷിപ്പിക്കാം. എന്നാൽ കൊളോണിയൽ ഭരണത്തിൽ ഇൻഡ്യയുടെ ചക്രവർത്തിനി ആയ ബ്രിട്ടീഷ് സമ്രാട്ടിനെ കാണുക വഴി, പാത്രിയർക്കീസ്, ഏതാണ്ട് 1400 വർഷങ്ങൾക്കു മുമ്പ് തന്റെ പൂർവികർക്ക് നഷ്ടപ്പെട്ട, റോമൻ സാമ്രാജ്യത്തിലെ അന്ത്യോഖ്യാ സിംഹാസനത്തിന്റെ മിഥ്യാസ്മരണ (mythical memory) ഗൃഹാതുരത്വത്തോടെ പുതുക്കുകയും, അതിന്റെ അസ്തമിച്ചു കഴിഞ്ഞ സാമ്രാജ്യപരമായ സഭാശാസ്ത്രത്തെ (nostalgic imperial ecclesiology) ആയുധമാക്കി മലങ്കരയിൽ ഉത്തരവുകൾ നൽകാനും ഒരുങ്ങുകയായിരുന്നു. ഇങ്ങനെയുള്ള ecclesiastical megalomania പൗരസ്ത്യ സഭകളിൽ, ഒട്ടോമാൻ ഇസ്ലാമിക ഭരണത്തിൻകീഴിൽ ഏതാണ്ട് മിണ്ടടങ്ങി, ഒതുങ്ങി ജീവിക്കേണ്ടി വന്ന പല അധ്യക്ഷസ്ഥാനികൾക്കും ഉണ്ടായിട്ടുണ്ട്. സഭാശാസ്ത്രപരമായ സാമ്രാജ്യത്വത്തിന്റെ അധികാരവ്യവസ്ഥയും, ഭാരതത്തിലെ തദ്ദേശീയ സമൂഹത്തിന്റെ പൗരാണിക-അപ്പസ്തോലിക ബോധത്തിൽ നിന്നുളവായ അധികാര സങ്കൽപ്പവും തമ്മിൽ മലങ്കരസഭയിൽ സംഘർഷം ഉണ്ടായി. അതിന്റെ പിൻഫലങ്ങളാണ് ഇരുപത്തൊന്നാം നൂറ്റാണ്ടുവരെ ലജ്ജാകരമായി നമ്മെ പിന്തുടരുന്നത്. ഈ പറഞ്ഞ തത്വാധിഷ്ഠിതമായ ഉരസൽ ഒരു വശത്തും, മറുവശത്ത് ചില നേതാക്കളുടെ വ്യക്തിപരമായ അഹന്ത, സ്ഥാനമോഹം, അധികാരഭ്രമം, അനുരഞ്ജനത്തിനുള്ള വിസമ്മതം തുടങ്ങിയ ഘടകങ്ങൾ മൂലം സഭാവിശ്വാസികൾ സമൂഹത്തിൽ പരിഹാസ്യരായി. എന്നാൽ മഹാമനസ്ക്കതയോടെ സഭയുടെ പൊതുനന്മയും ഐക്യവും കണക്കാക്കി നേതൃത്വം കൊടുക്കാൻ ശ്രമിച്ച നേതാക്കളും ഉണ്ടായിരുന്നു എന്നത് ഓർക്കാം. അവർ പക്ഷേ പരാജയപ്പെട്ടു.

സീറോ മലബാർ സഭയിൽ റോമിലെ മാർപാപ്പായുടെ സർവ്വാധികാര സിദ്ധാന്തം ഇന്നും ഏറെക്കുറെ ശക്തിയായി നിലനിൽക്കുന്നതുകൊണ്ട്, മലങ്കര ഓർത്തഡോക്സ്/യാക്കോബായ സഭയിലേതുപോലെ ഒരു അധികാരസംഘർഷം ഉടനെ ഉണ്ടാവാനിടയില്ല. എന്നാൽ കാലക്രമേണ, റോമിന്റെ സാർവ്വത്രിക (universal) അധികാരസിദ്ധാന്തം ദുർബലമാവുകയും സാമ്പത്തികവും സാംസ്കാരികവുമായ മേൽക്കൈ യൂറോപ്പിന് നഷ്ടപ്പെടുകയും ചെയ്താൽ "പൗരസ്ത്യ റീത്തു"കൾ, Uniate സഭകൾ എന്നൊക്കെ ഒരിക്കൽ അറിയപ്പെട്ടിരുന്നവയും, ഇപ്പോൾ ആപേക്ഷികമായി സ്വയംഭരണാവകാശവുമുള്ള (sui iuris) വ്യക്തി സഭകളിൽ സ്വത്വബോധം ഉണരുകയും അധികാരം, സ്വാതന്ത്ര്യം എന്നിവ സംബന്ധിച്ച് പുതിയ നിലപാടുകൾ ഉരുത്തിരിയാനും അത് റോമുമായുള്ള അധികാരസംഘർഷത്തിലേക്ക് വഴിതുറക്കാനും ഇവിടെ ഭിന്നതകൾ ഉണ്ടാകാനുമുള്ള സാധ്യതകൾ തള്ളിക്കളയാനാവില്ല.

യൂറോപ്പിൽ മാർട്ടിൻ ലൂഥർ തുടങ്ങിയ നവീകരണ പ്രസ്ഥാനത്തിന്റെ കാതലായ തത്വങ്ങൾ, ഇംഗ്ലീഷ് മിഷനറിമാരുടെ സ്വാധീനം മൂലം ഔദ്യോഗികമായി സ്വീകരിക്കുകയും കുർബാന തക്സായിൽ തദനുസൃതമായ മാറ്റങ്ങൾ വരുത്തുകയും ചെയ്ത, "നവീകൃത പൗരസ്ത്യ സഭ (Reformed Eastern Church)" ആയി അറിയപ്പെടുന്ന മാർത്തോമ്മാ സഭയിൽ, തമ്മിൽ ചേരാൻ ഇടയില്ലാത്ത നവീകരണ സിദ്ധാന്തങ്ങളും പൗരസ്ത്യ സഭാ പാരമ്പര്യവും തമ്മിൽ എങ്ങിനെ സമന്വയിപ്പിക്കാം എന്നത് പ്രധാനപ്പെട്ട ചോദ്യമായി ഉന്നയിക്കപ്പെടുന്നുണ്ട് എന്ന് കേൾക്കുന്നു.

ഇതര സുറിയാനി സഭാ വിഭാഗങ്ങളെ ഇവിടെ പരാമർശിക്കുന്നില്ല. എല്ലായിടത്തും മുകളിൽ സൂചിപ്പിച്ച അധിനിവേശ ഘടകങ്ങളും അവയിൽ നിന്നുൽഭവിക്കുന്ന സംഘർഷങ്ങളും ഓരോ തരത്തിലും രീതിയിലും സന്നിഹിതമാണ് എന്നു മാത്രം പറയാം. എന്നാൽ ഏറ്റം പ്രധാനമായ സംഗതി, നമ്മുടെ പൊതുഭാവിയാണ്; പ്രത്യേകിച്ചും ഇന്ത്യയിലെ മാറിയ സാഹചര്യങ്ങളിൽ എന്താണ് ക്രിസ്തീയ സഭകളുടെ പൊതുസാക്ഷ്യം എന്നതിലേക്ക് നാം കടക്കണമെങ്കിൽ, കഴിഞ്ഞ നാലഞ്ചു നൂറ്റാണ്ടുകളായി മേൽ സൂചിപ്പിച്ച ചില ഘടനകൾക്കും അവ സൃഷ്ടിച്ച സമസ്യകൾക്കും (ചില സഭകളുടെ കാര്യത്തിൽ ഊരാക്കുടുക്കുകൾക്കും) അതീതമായി നാം ഉയരേണ്ടതുണ്ട്.

കുറെ വർഷങ്ങൾക്കു മുമ്പ് മേജർ ആർച്ച് ബിഷപ്പ് വർക്കി വിതയത്തിലിന്റെ അദ്ധ്യക്ഷതയിൽ കാക്കനാട്ട് സെന്റ് തോമസ് മൗണ്ടിൽ, സീറോ മലബാർ സഭയിലെ മെത്രാൻ സിനഡ് നടക്കുന്ന സമയത്ത് അവിടെ സംഘടിപ്പിച്ച ഒരു സാംസ്കാരിക സെമിനാറിൽ ഈ ലേഖകൻ അവതരിപ്പിച്ച ചില എളിയ നിർദ്ദേശങ്ങൾ ചുരുക്കമായി ആവർത്തിക്കട്ടെ (ഒരു പോയിന്റ് ഒഴിച്ച് ബാക്കിയെല്ലാം തനിക്ക് സ്വീകാര്യമാണ് എന്ന് സമാദരണീയനായ വിതയത്തിൽ പിതാവ് ഈ ലേഖകനോട് വ്യക്തിപരമായി പറഞ്ഞത് ഓർക്കുന്നു). ഇവ സ്വപ്ന ദർശനമാണ്. പ്രായോഗികമാക്കാൻ മനുഷ്യയുക്തിയനുസരിച്ച് അസാധ്യമാണ്. തൽക്കാലം വെറും ഒരു മനക്കോട്ടയായി കണ്ടാൽ മതിയാവും.

1. മാർത്തോമ്മാ ശ്ലീഹായുടെ സുവിശേഷ പാരമ്പര്യം അവകാശപ്പെടുന്ന എല്ലാ സഭകളും ഒരുമിച്ച് വന്ന്, ഏതാണ്ട് 350 വർഷങ്ങൾക്കു മുമ്പു വരെ അവർക്കുണ്ടായിരുന്ന ഏക സഭാ ബോധം വീണ്ടെടുത്ത് ഭാവിക്കുവേണ്ടി ഒരു പൊതു ക്രിസ്തീയ സഭാ ദർശനം രൂപപ്പെടുത്തണം.

2. യേശുക്രിസ്തുവിന്റെ ജീവിതം, പ്രബോധനം, മരണം, ഉയിർപ്പ് എന്നിവയെക്കുറിച്ച് സുവിശേഷങ്ങളും ആദിമ സഭയും നൽകുന്ന അപ്പോസ്തോലിക സാക്ഷ്യത്തിന്റെ വെളിച്ചത്തിൽ മിനിമം ഒരു പൊതു വിശ്വാസപ്രഖ്യാപനവും ഒരു പൊതു ആരാധനാക്രമവും സൃഷ്ടിക്കണം. എന്നാൽ ആരാധനാശൈലികളിൽ പെട്ടെന്ന് ഏകീകരണം ആവശ്യമില്ല. ഇപ്പോൾ നിലവിലുള്ള വൈവിധ്യങ്ങളെ സ്വീകരിക്കണം.

3. ഇന്ത്യയ്ക്കു പുറത്തുള്ള പുരാതനമായ സഭാദ്ധ്യക്ഷ കേന്ദ്രങ്ങളുമായി (റോം, അന്ത്യോഖ്യാ, ബാഗ്ദാദ്, കാന്റർബറി) പൊതുവായി സ്വീകരിക്കപ്പെടുന്ന വിശ്വാസ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ കൂദാശാപരമായ സംബന്ധം (Sacramental communion) മാത്രം നിലനിർത്തുകയും ഭരണപരവും ഇടയശുശ്രൂഷാപരവുമായ എല്ലാ സ്വാതന്ത്ര്യവും ഇന്ത്യയിലെ ഏക സഭയിൽ നിക്ഷിപ്തമാക്കുകയും ചെയ്യണം.

4. മെത്രാൻ, വൈദികൻ തുടങ്ങിയ വൈദിക സ്ഥാനങ്ങൾ പ്രഥമമായും ഇടയശുശ്രൂഷ (pastoral service) യുടെ അടിസ്ഥാനത്തിൽ മാത്രം വ്യാഖ്യാനിക്കപ്പെടുകയും റോമൻ സാമ്രാജ്യത്തിൽ നിന്നു ലഭിച്ച ആഢംബരങ്ങൾ കുറയ്ക്കുകയും, സ്ഥാനപ്പേരുകൾ ഇന്ത്യയുടെ സാംസ്കാരിക പശ്ചാത്തലത്തിൽ രൂപപ്പെടുത്തുകയും ചെയ്യണം (ഇപ്പോൾ, ഗ്രീക്ക്, ലാറ്റിൻ, സിറിയൻ ഭാഷകളിൽ നിന്നാണല്ലോ മിക്ക സ്ഥാനപ്പേരുകളും).

5. ക്രിസ്തീയ സഭയുടെ ആഗോളതലത്തിലുണ്ടായ നല്ല പാരമ്പര്യ ധാരകളെ (Streams of Tradition) ആദരവോടെ സമീപിക്കയും, അവയിൽ സുവിശേഷത്തിന്റെ ഭാരതീയ പശ്ചാത്തലത്തിൽ പ്രസക്തമെന്നു തോന്നുന്നവയെ പൊതുസമ്മതത്തോടെ സ്വീകരിക്കയും ചെയ്യാം.

6. ഭരണപരമായ കാര്യങ്ങളിൽ പുരാതനമായ ഇന്ത്യൻ/ഏഷ്യൻ സംസ്കാരങ്ങളിലുണ്ടായിട്ടുള്ള നല്ല ജനകീയ ശൈലികളും ഘടനകളും മാർഗ്ഗനിർദ്ദേശങ്ങളായി (guidelines) കരുതുകയും, റോമൻ/ബിസന്റയിൻ സാമ്രാജ്യങ്ങളുടെ കാലത്ത് അവിടങ്ങളിൽ ഉണ്ടാക്കിയിട്ടുള്ള കാനോനാകളും ചട്ടങ്ങളും പരിശോധിച്ച് നമുക്കു ആവശ്യമുള്ളവയെ മാത്രം സ്വീകരിക്കയും വേണം.

7. ചരിത്രപരമായി മാർത്തോമ്മാ ശ്ലീഹായുടെ പാരമ്പര്യം അവകാശപ്പെടാത്ത സഭകളുമായി ഏറ്റം ആദരപൂർവ്വമായ ചർച്ചകൾ നടത്തുകയും, കരുണ, മനുഷ്യസ്നേഹം, അനുരഞ്ജനം എന്നിവയിലൂന്നിയ ക്രിസ്തുവിന്റെ സുവിശേഷ ദൗത്യം എന്ന ഏക ലക്ഷ്യം മുൻനിർത്തി പൂർണ്ണമായി അവരോട് സഹകരിക്കയും ചെയ്യാം. എല്ലാവരും ഉൾപ്പെടുന്ന ഏക ഭാരതീയ സഭ എന്ന ആദർശം ശക്തിയായി പിന്തുടരണം.

സഭകളുടെ ഭൗതികമായ ആസ്തികൾ, സ്ഥാപനങ്ങൾ, സമ്പത്ത് എന്നിവയെക്കാൾ പ്രധാനം ദൈവത്തോടുംമനുഷ്യനോടുമുള്ള സ്നേഹവും വിശ്വസ്തതയുമാണ് എന്നു കരുതുകയും ഭൗതികമായ ചുറ്റുപാടുകൾക്ക് ശോഷണം സംഭവിച്ചാലും "ഭയപ്പെടാതെ ചെറിയ ആട്ടിൻകൂട്ട"മായി ക്രിസ്തുവിന് സാക്ഷ്യം നൽകും എന്നു സഭകൾ ചിന്തിക്കുന്ന നിലയിലേക്കാണ് നാം ഉയരേണ്ടത്. 'ദരിദ്രന്മാരോട് സുവാർത്ത അറിയിക്കാനും ബന്ധിതർക്ക് വിമോചനവും അന്ധന്മാർക്ക് കാഴ്ചയും നൽകാനും പീഡിതരെയെല്ലാം സ്വതന്ത്രരാക്കാനും ദൈവത്തിന്റെ പ്രസാദകാലം പ്രഖ്യാപിക്കാനും' (ലൂക്കോസ് 4:18–19) ദൈവത്തിന്റെ ആത്മാവിനാൽ അഭിഷിക്തനായി ലോകത്തിലേക്ക് അയക്കപ്പെട്ട ക്രിസ്തുവിന്റെ ശരീരമായ സഭയ്ക്കും അത് തന്നെയാണ് ദൗത്യം.

മുകളിൽ സൂചിപ്പിച്ച 'സ്വപ്നദർശനം' പ്രായോഗികമായി ഇപ്പോൾ അസാധ്യമാണ്. എങ്കിലും ഇപ്പോൾ വേർപെട്ടു കഴിയുന്ന മാർത്തോമ്മൻ പാരമ്പര്യത്തിലുള്ള സഭകൾ ഒരു പൊതു സഭാ ദർശനം (Common Ecclesiology) രൂപവൽക്കരിക്കയും, അവരുടെ ഭരണശൈലിയിലും, ജീവിതക്രമത്തിലും ലക്ഷ്യങ്ങളിലും കുറെയൊക്കെ ഇവ പ്രാവർത്തികമാക്കാൻ സാധിക്കുമോ എന്നന്വേഷിക്കയും ചെയ്താൽ ഒരുപക്ഷേ ഭാവിയിൽ നമുക്കൊരുമിച്ചു ഏക സഭയെന്ന സ്വപ്നം യാഥാർത്ഥ്യമാക്കാനാവും. ചിലപ്പോൾ മാറിവരുന്ന സാഹചര്യങ്ങൾ അതിന് നമ്മെ നിർബ്ബന്ധിക്കയും ചെയ്തേക്കാം. രണ്ടായാലും വേർപിരിഞ്ഞ സഭകളുടെ ആത്മബലിയിലൂടെ മാത്രമേ ക്രിസ്തുനാമം മഹത്വീകരിക്കപ്പെടുകയുള്ളു. "ചെറിയ ആട്ടിൻകൂട്ടമേ, ഭയപ്പെടേണ്ട" (ലൂക്കോസ് 12:32).

❑

# പകൽ സൂര്യനായും രാത്രി ചന്ദ്രനായും

## ഡോ. പോൾ മണലിൽ

ഇസ്രായേൽ ജനത മരുഭൂമിയിൽ കൂടി സഞ്ചരിക്കുമ്പോൾ അവർക്കു രാവും പകലും യാത്ര ചെയ്യുവാൻ തക്കവണ്ണം വഴികാണിക്കേണ്ടതിനു വെളിച്ചം കൊടുക്കാൻ പകൽ മേഘസ്തംഭത്തിലും രാത്രി അഗ്നിസ്തംഭത്തിലും യഹോവ അവർക്കു മുമ്പായി പൊയ്ക്കൊണ്ടിരുന്നുവെന്ന് ബൈബിളിലെ പുറപ്പാട് പുസ്തകത്തിൽ എഴുതിയിരിക്കുന്നു. അതിനു സമാനമായ വാചകമാണ് 'ഒരേയൊരു ഉമ്മൻചാണ്ടി' എന്ന ശീർഷകത്തിൽ 'മാതൃഭൂമി' ദിനപത്രം ജൂലൈ പത്തൊമ്പതിനു എഴുതിയ മുഖപ്രസംഗത്തിലെ ആദ്യ വരികൾ.

അതിങ്ങനെ: "കേരളത്തിന്റെ ആകാശത്ത് പകൽ സൂര്യനായും രാത്രി ചന്ദ്രനായും നിറഞ്ഞ പ്രകാശം. അതായിരുന്നു ഉമ്മൻ ചാണ്ടി."

ഉമ്മൻ ചാണ്ടി കേരള ജനതയ്ക്കു പകൽ മേഘസ്തംഭവും രാത്രിയിൽ അഗ്നിസ്തംഭവും ആയിരുന്നുവെന്നു സാക്ഷ്യപ്പെടുത്തുന്ന അനുഭവമായിരുന്നു ജൂലൈ പത്തൊമ്പതിനും ഇരുപതിനും നമ്മൾ കണ്ടത്. ആ സാക്ഷ്യത്തിന്റെ പൊരുൾ എന്തായിരുന്നു?

അത് അമ്പത്തിമൂന്നു വർഷം അദ്ദേഹം പുതുപ്പള്ളിയുടെ എം.എൽ.എ. യും ആറേമുക്കാൽ വർഷം കേരളത്തിന്റെ മുഖ്യമന്ത്രിയും നാലു തവണ വിവിധ മന്ത്രിസഭകളിൽ അംഗവും ഒരു തവണ പ്രതിപക്ഷ നേതാവും ആയിരുന്നതുകൊണ്ടാണെന്ന് ആരെങ്കിലും കരുതുന്നുണ്ടോ? അതല്ലെങ്കിൽ അദ്ദേഹം വികസന നായകനായി കേരളത്തിൽ മെട്രോ പദ്ധതിയും സ്മാർട്ട് സിറ്റി പദ്ധതിയും കണ്ണൂർ വിമാനത്താവളവും വിഴിഞ്ഞം പദ്ധതിയും നടപ്പാക്കിയിട്ടാണോ?


ഇത്രയും മാത്രമല്ല, ഉമ്മൻ ചാണ്ടി വേറെയും പദ്ധതികൾ കേരളത്തിൽ നടപ്പാക്കിയിട്ടുണ്ട്. മുഖ്യമന്ത്രിയായിരിക്കെ നടപ്പാക്കിയ ജനസമ്പർക്ക പരിപാടിയിലൂടെ പതിനൊന്നു ലക്ഷം ജനങ്ങളെ അദ്ദേഹം നേരിട്ടു കാണുകയും അവരുടെ വേദനകളും പ്രശ്നങ്ങളും മനസ്സിലാക്കുകയും അതിനു പരിഹാരം കണ്ടെത്തുകയും ചെയ്തതു ഒരു ചരിത്ര സംഭവമായിരുന്നു. അധികാരം പൊതുജന സേവനമാണെന്നു തെളിയിച്ച ഒരു പരിപാടിയായിരുന്നു ഇത്. ജനസമ്പർക്ക പരിപാടിയിൽ പരാതി കേൾക്കാൻ അദ്ദേഹം പത്തൊമ്പതു മണിക്കൂർ ജലപാനം പോലുമില്ലാതെ ഒറ്റനിൽപ്പ് നിന്നിട്ടുള്ള ചരിത്രവും ഉണ്ട്.

ജനങ്ങളെ സേവിക്കുക എന്നത് രാഷ്ട്രീയ നേതാക്കളുടെ കടമയാണെന്ന പാഠം ഉമ്മൻ ചാണ്ടി പഠിപ്പിച്ചു. ഉമ്മൻ ചാണ്ടി തൊഴിൽ മന്ത്രിയായിരിക്കുമ്പോഴാണ് തൊഴിൽരഹിതർക്കു വേതനം നൽകുന്ന പദ്ധതി തുടങ്ങിയത്. ലക്ഷക്കണക്കിനു ചെറുപ്പക്കാർക്കു അതിന്റെ ആനുകൂല്യം ലഭിച്ചു. കുട്ടികൾക്കു കേൾവിശക്തി പകരുന്ന ശ്രുതിതരംഗം പദ്ധതി, അവയവം മാറ്റിവയ്ക്കാനുള്ള മൃതസഞ്ജീവനി പദ്ധതി, പതിനെട്ടു വയസ്സു വരെയുള്ളവർക്കു സൗജന്യ ചികിത്സാ പദ്ധതി ഇങ്ങനെ ഉമ്മൻ ചാണ്ടി കേരളത്തിൽ നടപ്പാക്കിയ 'ഭരണപരിഷ്ക്കാരങ്ങളി'ലെല്ലാം ഒരു യേശുക്രിസ്തു ഒളിഞ്ഞിരിക്കുന്നുണ്ടായിരുന്നു.

രാഷ്ട്രീയവും മതവും രണ്ടാണെങ്കിലും ഉമ്മൻ ചാണ്ടിയെ കേരളത്തിലെ മറ്റു രാഷ്ട്രീയ നേതാക്കളിൽ നിന്നു വ്യത്യസ്തനാക്കുന്നതു, അദ്ദേഹം രാഷ്ട്രീയത്തിൽ യേശുക്രിസ്തുവിനെ പ്രകാശിപ്പിക്കാൻ ശ്രമിച്ചു എന്നുള്ളതാണ്. ആർദ്രതയും കാരുണ്യവും സ്നേഹവും സന്മനസ്സും സഹാനുഭൂതിയും കരുതലും ത്യാഗമനോഭാവവും സമന്വയിപ്പിച്ചാൽ അതു ഉമ്മൻ ചാണ്ടിയാകും. ഉമ്മൻ ചാണ്ടിയെ ജനലക്ഷങ്ങൾ നെഞ്ചിലേറ്റിയതു ഇതുകൊണ്ടൊക്കെയാണ്.

പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ ഉമ്മൻ ചാണ്ടിയെ ഒറ്റവാക്കിൽ നിൽവചിച്ചിട്ടുണ്ട് – "മനസ്സലിവുള്ളവൻ." പുതുപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ സംസ്കാരശുശ്രൂഷയ്ക്കിടയിൽ നടത്തിയ പ്രഭാഷണത്തിൽ പരിശുദ്ധ ബാവാ പറഞ്ഞതു, ഉമ്മൻ ചാണ്ടി മനസ്സലിവിന്റെ ആൾരൂപമായിരുന്നു എന്നാണ്. അതുകൊണ്ടായിരുന്നു ഉമ്മൻ ചാണ്ടിയുടെ ഭൗതികശരീരം തിരുവനന്തപുരത്തെ പുതുപ്പള്ളി ഹൗസിൽ നിന്നും പുതുപ്പള്ളി പള്ളിയിലെത്തിക്കാൻ രണ്ടു പകലും ഒരു രാത്രിയും വേണ്ടിവന്നത്. നൂറ്റമ്പത്തെട്ട് കിലോമീറ്റർ സഞ്ചരിക്കാൻ ആ വിലാപയാത്ര മുപ്പത്തിയേഴു മണിക്കൂറാണ് എടുത്തത്. അതൊരു വിലാപയാത്രയായിരുന്നില്ല, സ്നേഹനദിയുടെ ഒഴുക്കായിരുന്നു. ജനലക്ഷങ്ങൾ എന്നു കേട്ടിട്ടേയുള്ളു. ആ കാഴ്ച നമ്മൾ കണ്ടു. ഉമ്മൻ ചാണ്ടിയെ കണ്ടിട്ടുള്ളവരും കാണാത്തവരും ആ വിലാപവീഥിയിൽ മനുഷ്യച്ചങ്ങല തീർക്കുക മാത്രമല്ല "കണ്ണേ കരളേ കുഞ്ഞൂഞ്ഞേ" എന്നു ഉറക്കെ വിളിച്ചു കരയുകയും ചെയ്തു. അതേ, കേരളത്തിന്റെ കണ്ണും കരളുമായിരുന്നു ഉമ്മൻ ചാണ്ടി.

ഒരു രാഷ്ട്രീയ പ്രവർത്തകൻ എങ്ങനെയാണ് ജനതയുടെ കണ്ണും കരളുമായി മാറുന്നത്? പുതിയനിയമത്തിൽ മത്തായിയുടെ സുവിശേഷം അഞ്ചാം



അധ്യായം നാല്പത്തിയൊന്നു, നാല്പത്തിരണ്ട് വാക്യങ്ങളിൽ അതിന്റെ ഉത്തരമുണ്ട്.

അതിങ്ങനെ: "ഒരുത്തൻ നിന്നെ ഒരു നാഴിക വഴിപോകുവാൻ നിർബന്ധിച്ചാൽ രണ്ടു അവനോടുകൂടെ പോക. നിന്നോടു യാചിക്കുന്നവനു കൊടുക്ക."

ഉമ്മൻ ചാണ്ടി അത്തരക്കാരനായിരുന്നു. ജീവിതത്തിൽ വഴിമുട്ടി നിൽക്കുന്നവരുടെ ഒപ്പം അദ്ദേഹം ഒരു നാഴികയും രണ്ടു നാഴികയുമല്ല അതിന്റെ ഇരട്ടിയും ഇരട്ടിയുടെ ഇരട്ടിയും നടന്നു. യാചിക്കുന്നവനും യാതന അനുഭവിക്കുന്നവനും ഉമ്മൻ ചാണ്ടി കരുതലും കാരുണ്യവും കടാക്ഷവും നൽകി.

ക്രിസ്തുവിനു വേണ്ടി പൗലോസ് ശ്ലീഹാ എത്ര വേദനയാണ്, എത്ര കഷ്ടപ്പാടാണ് അനുഭവിച്ചത്. അതുപോലെ ഉമ്മൻ ചാണ്ടി കേരള ജനതയ്ക്കു വേണ്ടി വേദനയും കഷ്ടപ്പാടും മാത്രമല്ല പരിഹാസവും അനുഭവിച്ചു.

യേശുക്രിസ്തുവിനെ ക്രൂശിക്കാൻ സന്നാഹങ്ങൾ കാട്ടിയ യഹൂദപ്രമാണിമാരോട്, ഈ നീതിമാന്റെ രക്തത്തിൽ എനിക്കു പങ്കില്ലെന്നു പറഞ്ഞു കൈകഴുകിയ പീലാത്തോസിനെ കടത്തിവെട്ടി നമ്മുടെ 'ജുഡീഷ്യൽ' പീലാത്തോസുമാർ ഉമ്മൻ ചാണ്ടിയിൽ കന്മഷം കണ്ടെത്തിയതു കൊണ്ടോ രാഷ്ട്രീയത്തിൽ പ്രവർത്തിക്കുമ്പോൾ ചാണക്യസൂത്രങ്ങൾ പ്രയോഗിച്ച് രാജനീതി നടപ്പാക്കിയതിനെ മുൻനിർത്തി അദ്ദേഹത്തിന്റെ നീതിയിൽ അനീതി ആരോപിച്ചതുകൊണ്ടോ ഉമ്മൻ ചാണ്ടിയെ കേരള ജനത തള്ളിക്കളഞ്ഞോ? ഷേക്സ്പിയറിന്റെ 'കിംഗ് ലിയർ' നാടകത്തിൽ ലിയർ രാജാവ് പറയുന്നുണ്ട് – I am more sinned against than sinning. ഉമ്മൻ ചാണ്ടി പാപം ചെയ്തതിനെക്കാൾ ഏറെ നാം അദ്ദേഹത്തോട് പാപം ചെയ്തിരിക്കുന്നു.

ജനാധിപത്യം ഒരു ആത്മാർത്ഥതയാണെന്ന് ഉമ്മൻ ചാണ്ടി ഉറച്ചു വിശ്വസിച്ചിരുന്നു. ഈ ആത്മാർത്ഥത മനുഷ്യന്റെ ആന്തരീകതയോടാണ് ബന്ധപ്പെട്ടി

രിക്കുന്നത്. സത്യം അകത്താണ്. നമ്മുടെ ജീവിതത്തിന്റെ അടിസ്ഥാനമാകുന്നതു ഈ സത്യമാണ്. ഈ ആന്തരീകതയോട് ആത്മാർത്ഥത കാണിച്ച നിസ്വാർത്ഥ ജനസേവകനായിരുന്നു ഉമ്മൻ ചാണ്ടി. അഹമില്ലാത്ത ആന്തരീകതയുടെ വിവർത്തനമായിരുന്നു ഉമ്മൻ ചാണ്ടിയുടെ രാഷ്ട്രീയ ജീവിതം. നമ്മുടെ ജീവിതത്തിന്റെ അടിസ്ഥാനമാകുന്നതു നമ്മുടെ ആന്തരീകതയാണെന്നും നമ്മെ താങ്ങിനിർത്തുന്നതും ഈ ആന്തരീകതയാണെന്നും ഉള്ള ഒരു പാഠം കൂടി ഉമ്മൻ ചാണ്ടിയിൽ നിന്നു നമുക്കു പഠിക്കാൻ കഴിയും.

തുറന്നു വച്ച വാതിലായിരുന്നു ഉമ്മൻ ചാണ്ടി. എല്ലാവരുടെയും സ്വർഗ്ഗീയ മനുഷ്യൻ. ഒരു സാധാരണ രാഷ്ട്രീയ പ്രവർത്തകനു എങ്ങനെ അപ്രകാരമായി ഭവിക്കാൻ കഴിയും? ചലച്ചിത്രതാരം മമ്മൂട്ടി പറഞ്ഞതു, മനുഷ്യത്വത്തിൽ പി.എച്ച്.ഡി. എടുത്തയാളാണ് ഉമ്മൻ ചാണ്ടിയെന്നാണ്. യേശുക്രിസ്തു പറഞ്ഞ കല്പന ജീവിതത്തിൽ അതേപോലെ അദ്ദേഹം പാലിച്ചു. അയൽക്കാരനെയും ശത്രുവിനെയും സ്നേഹിച്ചതു കൂടാതെ തന്നേ കല്ലെറിഞ്ഞവനെയും സ്നേഹിച്ചു. പൊതുവേദികളിൽ ഇരിക്കുമ്പോൾ മദ്യപാനികളും രാഷ്ട്രീയ എതിരാളികളും വന്നു ഉമ്മൻ ചാണ്ടിയെ കെട്ടിപ്പിടിക്കുന്നതും ചുംബിക്കുന്നതും ഞാൻ എത്രയോ തവണ കണ്ടിരിക്കുന്നു.

ഉമ്മൻ ചാണ്ടിയെ മറ്റുള്ള രാഷ്ട്രീയ പ്രവർത്തകരിൽ നിന്നു വ്യത്യസ്തനാക്കുന്നതു അദ്ദേഹത്തിന്റെ അടിയുറച്ച 'രാഷ്ട്രീയ' വിശ്വാസമായിരുന്നു. അതിനെ കോൺഗ്രസ് വിശ്വാസമായി ആരും തെറ്റുദ്ധരിക്കരുത്. ആ രാഷ്ട്രീയ വിശ്വാസം മനുഷ്യവിശ്വാസത്തിനു ഒപ്പം നിൽക്കുന്ന ഒന്നായിരുന്നു. മനുഷ്യരിൽ പൂർണ്ണവിശ്വാസമുള്ള രാഷ്ട്രീയമെന്നാൽ ദൈവത്തിൽ അടിയുറച്ച വിശ്വാസമെന്നും അതിനു പരിപ്രേക്ഷ്യമുണ്ട്. നല്ല ക്രിസ്ത്യാനിക്കു മനുഷ്യനിൽ ക്രിസ്തുവിനെ കാണാൻ കഴിയുക എന്നതു ഒരു ഭാഗ്യമാണ്. ആ ഭാഗ്യം ഉമ്മൻ ചാണ്ടി അനുഭവിച്ചു. അതാണ് ഉമ്മൻ ചാണ്ടിയുടെ രാഷ്ട്രീയമെന്നു പറഞ്ഞത്. ജനാധിപത്യത്തിൽ ഇപ്രകാരം ഉമ്മൻ ചാണ്ടി പുതിയൊരു ശൈലിയുണ്ടാക്കി.

ഓർത്തഡോക്സ് സഭയിൽ നിന്നും ഉമ്മൻ ചാണ്ടിക്കു കുറെ കല്ലേറു കിട്ടിയിട്ടുണ്ട്. സഭയും രാഷ്ട്രീയവും വിവക്ഷിക്കുന്നതിലുള്ള അപാകതയിൽ നിന്നുണ്ടായ ഒരു അപകടത്തിൽ നിന്നു സംഭവിച്ചതാണിത്. "ഞാനൊരു ദൈവവിശ്വാസിയാണെന്നു" ആവർത്തിച്ചാവർത്തിച്ച് പൊതുവേദിയിൽ സാക്ഷ്യപ്പെടുത്തിയിട്ടുള്ള ഉമ്മൻ ചാണ്ടി യഥാർത്ഥ സത്യക്രിസ്ത്യാനിയായിട്ടാണ് ജീവിച്ചതെന്ന് അദ്ദേഹത്തെ അടുത്തറിയുന്നവർ മനസ്സിലാക്കിയിട്ടുണ്ട്. മാമോദീസായ്ക്കും അന്ത്യകൂദാശയ്ക്കും മാത്രമായിരുന്നില്ല ഉമ്മൻ ചാണ്ടി പള്ളിയിൽ പോയിരുന്നത്. ഓശാന ഞായറാഴ്ചയിലും ദുഃഖവെള്ളിയാഴ്ചയിലും മാത്രം പള്ളിയിൽ പോകുന്ന 'സത്യക്രിസ്ത്യാനി'യെ പോലെയും ആയിരുന്നില്ല അദ്ദേഹം. മലങ്കരസഭ അനുശാസിക്കുന്ന എല്ലാ നോമ്പുകളും അനുഷ്ഠിക്കുന്നതു ഉമ്മൻ ചാണ്ടിയുടെ ജീവിതപ്രമാണമായിരുന്നു. രാഷ്ട്രീയ ഉപവാസങ്ങൾ നടത്തുന്നതിനു അദ്ദേഹം ഊർജ്ജം സംഭരിച്ചിരുന്നതു വിശ്വാസജീവിതത്തിൽ അദ്ദേഹം നിഷ്ഠയോടെ ഉപവസിച്ചതിന്റെ 'പവർ' ബാങ്കിൽ നിന്നെടുത്ത ഊർജ്ജം കൊണ്ടായിരുന്നു. അല്ലെങ്കിലെന്ത്, പ്രഭാതം മുതൽ പ്രദോഷം വരെ ഓട്ടത്തിനിടയിൽ അദ്ദേഹം എത്രനേരം ഭക്ഷണം കഴിച്ചിരിക്കുന്നു? ഭക്ഷണം മാത്രമല്ല, മരുന്നും അദ്ദേഹം കഴിച്ചില്ല. ഇങ്ങനെ ഉമ്മൻ ചാണ്ടിയെ പോലെ ഉപവസിക്കാൻ നമുക്കു കഴിയുകയില്ല.

എന്റെ ചില അനുഭവങ്ങൾ പറയാം. ഒരു ചടങ്ങിനു പോയപ്പോൾ കാലടി യൂണിവേഴ്സിറ്റി വൈസ് ചാൻസലറായിരുന്ന കെ. എസ്. രാധാകൃഷ്ണന്റെ കൂടെ ഞാനും ഉച്ചഭക്ഷണം കഴിച്ചുകൊണ്ടിരിക്കുകയാണ്. ഞങ്ങൾക്കു ഇഷ്ട ഭക്ഷണം വിളമ്പിത്തന്നു. ഞങ്ങൾ ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുമ്പോഴാണ് ഉമ്മൻ ചാണ്ടി എത്തിയത്. രാവിലെ മുതൽ ഓട്ടത്തിലായതിനാൽ ഉച്ചഭക്ഷണമെങ്കിലും കഴിക്കാൻ വന്നല്ലോ എന്നു ഞാൻ വിചാരിച്ചു. അദ്ദേഹം എന്റെ അടുത്താണ് ഇരുന്നത്. അദ്ദേഹത്തിന്റെ പ്ലേറ്റിലേക്കു ആദ്യം ഇറച്ചി വിളമ്പാൻ തുടങ്ങിയപ്പോൾ വേണ്ടായെന്നു പറഞ്ഞു. ഉമ്മൻ ചാണ്ടി ഇറച്ചി കഴിക്കില്ലെന്നാണ് ഞാൻ വിചാരിച്ചത്. ഇറച്ചി വേണ്ടെന്നു പറഞ്ഞപ്പോൾ മുട്ട കൊണ്ടുവന്നു.





അതും വേണ്ടായെന്നു പറഞ്ഞു. ആതിഥേയൻ അങ്കലാപ്പിലായി. ഉടനെ മീൻ കറിയും മീൻ വറുത്തതും കൊണ്ടുവന്നു. അതും വേണ്ടായെന്ന് ഉമ്മൻ ചാണ്ടി പറഞ്ഞതു കേട്ടപ്പോൾ കെ. എസ്. രാധാകൃഷ്ണൻ എന്നോട് ചോദിച്ചു:

"ഇപ്പോൾ നോമ്പുണ്ടോ?"

ഇല്ലെന്നു ഞാൻ പറഞ്ഞെങ്കിലും എന്റെ സംശയം ഞാൻ ചോദിച്ചു. അന്നു മൂന്നു നോമ്പാണെന്നു ഉത്തരം കിട്ടി. ഞാൻ ലജ്ജിച്ചു തലതാഴ്ത്തി!

ഉമ്മൻ ചാണ്ടി നോമ്പ് നോക്കുന്ന ആളാണെന്നു അന്നാണ് എനിക്കു ബോധ്യപ്പെട്ടത്. ഇനി മറ്റൊരു അനുഭവവും കൂടി പറയാം. കെ. ആർ. ഗൗരിയുടെ ഇലക്ഷൻ പ്രചാരണത്തിനു ഉമ്മൻ ചാണ്ടി പോകുന്നുണ്ടെന്ന് അറിഞ്ഞു, കൂടെ ഞാനും പോയി. കോട്ടയത്തെ ഏലിയാ കത്തീഡ്രൽ അംഗമായിരുന്ന കുഞ്ഞുമോൻ ആയിരുന്നു ഡ്രൈവർ. കെ. ആർ. ഗൗരി സി.പി.എമ്മിൽ നിന്നു യു.ഡി.എഫ്-ൽ ചേക്കേറിയ കാലം. ഇലക്ഷൻ പ്രചാരണത്തിലെ ആ കൗതുകം കാണാനാണ് ഞാൻ പോയത്. അതിരാവിലെ പുറപ്പെട്ട് രാത്രിയിലായിരുന്നു ഞങ്ങൾ കോട്ടയത്തു തിരിച്ചെത്തിയത്. ഇലക്ഷൻ പ്രചാരണം കഴിഞ്ഞു മടക്കയാത്രയ്ക്കു കാറിൽ കയറിയപ്പോൾ ഉമ്മൻ ചാണ്ടി ആദ്യം കുഞ്ഞുമോനോട് ഇങ്ങനെ പറഞ്ഞു: 'കുഞ്ഞുമോനേ, മൂന്നു തവണ അമ്പത്തിയൊന്നാം സങ്കീർത്തനം ചൊല്ലിയിട്ട് വണ്ടി ഓടിച്ചാൽ മതി."

എനിക്ക് കാര്യം പിടികിട്ടിയില്ല. പതിവായി ഉമ്മൻ ചാണ്ടിയുടെ കൂടെ പോകുന്ന കുഞ്ഞുമോനു കാര്യം മനസ്സിലായി. അന്ന് അമ്പതു നോമ്പായിരുന്നു. ഉമ്മൻ ചാണ്ടി മീനും മുട്ടയും ഇറച്ചിയും കഴിക്കാതെ മൂന്നു നേരവും ഭക്ഷണം കഴിച്ചപ്പോൾ കുഞ്ഞുമോൻ മൂന്നുനേരവും നോമ്പ് മുറിച്ചു! ഉമ്മൻ ചാണ്ടി തമാശ പറയുകയാണെന്നു ഞാൻ വിചാരിച്ചെങ്കിലും 'നോമ്പ് മുറിക്കൽ' അദ്ദേഹം ഗൗരവമായിട്ടാണ് കണ്ടത്. അമ്പത്തിയൊന്നാം സങ്കീർത്തനം ചൊല്ലാൻ മടിച്ചുനിന്ന കുഞ്ഞുമോനെ നോക്കി "ദൈവമേ നിന്റെ ദയയ്ക്കു തക്കവണ്ണം എന്നോടു കൃപയുണ്ടാകണമേ. നിന്റെ കരുണയുടെ ബഹുത്വപ്രകാരം എന്റെ ലംഘനങ്ങളെ മായിച്ചുകളയണമേ, എന്നെ നന്നായി കഴുകി എന്റെ അകൃത്യം പോക്കണമേ; എന്റെ പാപം നീക്കി എന്നെ വെടിപ്പാക്കണമേ." എന്നു ഉമ്മൻ ചാണ്ടി തന്നെ പ്രാർത്ഥിച്ചു തുടങ്ങി. ഇങ്ങനെയൊക്കെയാണ് നമ്മൾ അറിയാത്ത ഉമ്മൻ ചാണ്ടി. വിശുദ്ധ സഭയുടെ കൂദാശകൾ അനുഷ്ഠിക്കുക, ആരാധനയിൽ പങ്കെടുക്കുക, വേദപുസ്തകം വായിക്കുക, പ്രാർത്ഥിക്കുക ഇതെല്ലാം 'ബഹുദൂരം, അതിവേഗം' സഞ്ചരിച്ചിരുന്ന ഉമ്മൻ ചാണ്ടി മുടക്കിയിരുന്നില്ല. ഒഴുകുന്ന പുഴ എങ്ങനെയാണ് സ്വയം നവീകരിച്ചു ശുദ്ധമാകുന്നതു, അതുപോലെയായിരുന്നു ഉമ്മൻ ചാണ്ടി. തിരക്കിട്ട ഓട്ടത്തിനു ഇടയിലും അദ്ദേഹം സ്വയം നവീകരിച്ചതു വിശുദ്ധ കുമ്പസാരം നടത്തി വിശുദ്ധ കുർബ്ബാന അനുഭവിക്കുന്നതിലൂടെയായിരുന്നു.

ഉമ്മൻ ചാണ്ടിയുടെ വ്യക്തിപ്രഭാവത്തെ ജാജ്വല്യമാനമാക്കിയതു അദ്ദേഹത്തിന്റെ എളിമയും വിനയവും ലാളിത്യവുമായിരുന്നു. അന്ത്യകർമ്മങ്ങൾക്കിടയിൽ ഔദ്യോഗിക ബഹുമതിയോ ആചാരവെടിയോ യോഗ്യമല്ലെന്നു സ്വയം തിരിച്ചറിഞ്ഞ മനുഷ്യനായിരുന്നു അദ്ദേഹം. ആത്മീയ ജീവിതത്തിൽ 'ചെറിയ' നിഷ്ഠകൾ പോലും പാലിക്കുന്നതിൽ അദ്ദേഹം ബദ്ധശ്രദ്ധനായിരുന്നു. പുതുപ്പള്ളി പള്ളിയിൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവായും ഡോ. പി. സി. അലക്സാണ്ടറും പങ്കെടുത്ത ഒരു ചടങ്ങ് പള്ളിയുടെ വടക്കേ പന്തലിൽ നടന്നപ്പോൾ യോഗത്തിനു മുമ്പുള്ള പ്രാർത്ഥന തുടങ്ങി. എന്റെ അടുത്തിരുന്നതു ആ പള്ളിയിലെ ചെറിയാൻ വറുഗീസ് ആയിരുന്നു. പ്രാർത്ഥന തുടങ്ങിയപ്പോൾ ഉമ്മൻ ചാണ്ടി ചെരുപ്പ് ഊരിയിടുന്നതു കണ്ടിട്ട് ചെറിയാൻ വർഗീസ് അക്കാര്യം എന്റെ ശ്രദ്ധയിൽപ്പെടുത്തി. അതു ഞാനും കണ്ടിരുന്നു. പ്രാർത്ഥിക്കുമ്പോൾ നമ്മിൽ എത്രപേർ കാലിലെ ചെരുപ്പ് ഊരിയിടാറുണ്ടെന്ന് ഓർക്കാനൊരു അനുഭവം കൂടിയാണിത്.

പുതുപ്പള്ളി പള്ളിയിലെ ആദ്യ കുർബ്ബാന കൂടി ഊർജ്ജം സംഭരിച്ചിട്ടായിരുന്നു ഉമ്മൻ ചാണ്ടിയുടെ ഓരോ ആഴ്ചയും തുടങ്ങിയിരുന്നത്. വ്യക്തിപര








മായ സങ്കടങ്ങളും ഭാരങ്ങളും ഇറക്കിവെയ്ക്കാൻ അദ്ദേഹം ഓടിയെത്തിയിരുന്നതു പരിശുദ്ധ പരുമല തിരുമേനിയുടെയും പാമ്പാടി തിരുമേനിയുടെയും കബറിങ്കലായിരുന്നു. വിശുദ്ധന്മാരുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിക്കുന്ന ഓർത്തഡോക്സ് വിശ്വാസത്തിൽ ഊന്നി നിന്നുകൊണ്ടുള്ള ഒരു ആത്മീയ പ്രയാണമായിരുന്നു അദ്ദേഹത്തിന്റേത്. പുതുപ്പള്ളി പള്ളിയിലെ ഒമ്പതു വിശുദ്ധന്മാരുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചിരുന്ന ഉമ്മൻ ചാണ്ടി ഗീവറുഗീസ് പുണ്യവാളന്റെ സംരക്ഷണവും മധ്യസ്ഥതയും ഒരാത്മീയ സൗന്ദര്യമായി അനുഭവിച്ചാസ്വദിച്ചു. തിരുവനന്തപുരം സെന്റ് ജോർജ് കത്തീഡ്രലിൽ മാത്രമല്ല, ഞായറാഴ്ച മറ്റ് ഏതെങ്കിലും സ്ഥലത്താണെങ്കിൽ അവിടുത്തെ ഓർത്തഡോക്സ് പള്ളി അന്വേഷിച്ച് കണ്ടുപിടിച്ച് അദ്ദേഹം ആരാധനയിൽ പങ്കെടുക്കുമായിരുന്നു. ഓർത്തഡോക്സ് പള്ളിയില്ലെങ്കിൽ അദ്ദേഹം കത്തോലിക്കാ പള്ളിയിലെ ശുശ്രൂഷയിൽ പങ്കെടുത്തിട്ടുള്ള കാര്യം കർദ്ദിനാൾ ജോർജ് ആലഞ്ചേരി റോമിലെ അനുഭവം സ്മരിച്ച് പറഞ്ഞിട്ടുണ്ട്.

ഉമ്മൻ ചാണ്ടിയുടെ കൂടെ ഒട്ടേറെ ചടങ്ങുകളിൽ, പ്രത്യേകിച്ച് സഭയുടെ ചടങ്ങുകളിൽ ഞാൻ പങ്കെടുത്തിട്ടുണ്ട്. സഭയിലെ ഓരോ ചലനങ്ങളിലും ഉമ്മൻ ചാണ്ടി ബദ്ധശ്രദ്ധനായിരുന്നു. സഭകളുടെ ലോകകൗൺസിലിന്റെ (WCC) ആസ്ഥാനത്തു ഒരിക്കൽ ഞാൻ ചെന്നപ്പോൾ WCC യുടെ ഇന്റർനാഷണൽ അഫേഴ്സ് ഡയറക്ടർ ഡോ. മാത്യൂസ് ജോർജ് ചുനക്കര, ഉമ്മൻ ചാണ്ടിയുടെ WCC ബന്ധം പറഞ്ഞതു ഓർക്കുന്നു. ഓർത്തഡോക്സ് സഭയെ പ്രതിനിധീകരിച്ച് ഉമ്മൻ ചാണ്ടി WCC ഓസ്ട്രിയയിൽ നടത്തിയ ഒരു രാജ്യാന്തര സംവാദത്തിൽ പങ്കെടുത്തിരുന്നുവെന്നാണ് ഡോ. മാത്യൂസ് ജോർജ് ചുനക്കര പറഞ്ഞത്. രാഷ്ട്രീയ തിരക്കിൽ തുടർന്ന് ഇത്തരം പരിപാടികളിൽ പങ്കെടുക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും സഭാരംഗത്തു പ്രവർത്തിക്കുന്ന എത്രയോ ചെറുപ്പക്കാർക്കു അദ്ദേഹം പ്രോത്സാഹനം നൽകിയിരിക്കുന്നു.

പുതുപ്പള്ളി പള്ളിയുടെ തിരുമുറ്റത്തു പതിമൂന്നു വൈദികരുടെ കല്ലറകളുടെ ഇടയിൽ മൂന്നു തെങ്ങുകളുടെ ശീതളച്ഛായയിലാണ് ഉമ്മൻ ചാണ്ടി അന്ത്യവിശ്രമം കൊള്ളുന്നത്. ജീവിച്ചിരുന്നപ്പോൾ ജനങ്ങൾക്കു അദ്ദേഹം ഒരു കൽപവൃക്ഷമായിരുന്നു. ഇപ്പോൾ കൽപവൃക്ഷങ്ങൾക്കു അദ്ദേഹം ഒരു കൽപവൃക്ഷമായി രൂപാന്തരം പ്രാപിച്ചിരിക്കുന്നു! വൈക്കം മുഹമ്മദ് ബഷീറിന്റെ ഒരു കഥയുണ്ട് – 'തേന്മാവ്.' മരിക്കാൻ കിടക്കുമ്പോൾ ലഭിച്ച വെള്ളം ഉണങ്ങിയ ഒരു മാവിൻതൈയുടെ ചുവട്ടിൽ ഒഴിച്ച് അതിനു 'ജീവൻ' പ്രദാനം ചെയ്യുന്ന ഒരു സഞ്ചാരിയുടെ കഥയാണിത്. ഇപ്പോൾ ഉമ്മൻ ചാണ്ടിയുടെ ഭൗതികശരീരം പ്രകൃതിക്കും ജീവൻ പകരുന്ന അനുഭവം നാം കാണുന്നു. "മനുഷ്യാ നീ മണ്ണാകുന്നു, മണ്ണിലേക്കു തിരികെപ്പോകുക' എന്നു പറഞ്ഞു നമ്മൾ ഉമ്മൻ ചാണ്ടിയെ സംസ്കരിച്ചെങ്കിലും മരിച്ച ഉമ്മൻ ചാണ്ടി വർദ്ധിച്ച ശോഭയോടെ ജനങ്ങളുടെ മധ്യസ്ഥനായിക്കൊണ്ടിരിക്കുന്ന കാഴ്ച നമ്മൾ കാണുന്നു.

കേരളം വിട്ട് ആദ്യമായി ഡൽഹിയിൽ പ്രവർത്തിക്കാനെത്തിയപ്പോൾ 'താജ്മഹൽ' കണ്ടിട്ടുണ്ടോയെന്ന് ഒരു പത്രപ്രവർത്തകൻ ഒരു കുസൃതിചോദ്യം ഉമ്മൻ ചാണ്ടിയോട് ചോദിച്ചു. ജീവിതത്തിൽ മനുഷ്യന്റെ സൗന്ദര്യമല്ലാതെ ഭൂമിയുടെ സൗന്ദര്യമൊന്നും കണ്ടിട്ടില്ലാത്ത ഉമ്മൻ ചാണ്ടിയുടെ "ഇല്ല" എന്ന ഉത്തരം കേട്ടിട്ട് ആ പത്രപ്രവർത്തകൻ ഒന്നു ഞെട്ടി. താജ്മഹൽ കാണാതെ എങ്ങനെ ഡൽഹിയിൽ ജീവിക്കാനൊക്കും? ഉമ്മൻ ചാണ്ടി കാണാത്ത ആ താജ്മഹൽ കേരളത്തിലെ ജനഹൃദയങ്ങളിൽ ഇതാ, ഇപ്പോൾ ഉയർന്നു വന്നിരിക്കുന്നു. ഇന്ത്യക്കു ഇപ്പോൾ ആഗ്രയിലെ താജ്മഹൽ മാത്രമല്ല, കേരളത്തിലെ ജനലക്ഷങ്ങളുടെ ഹൃദയങ്ങളിലെ ഈ താജ്മഹൽ കൂടി ഉണ്ടായിട്ടുണ്ട്. ❑






# ക്രമവും, സമാധാനവും, പാലനവുമില്ലാതെ മണിപ്പൂർ: മറഞ്ഞിരിക്കുന്ന വർഗ്ഗീയകരങ്ങൾ

ഡീക്കൻ ജിനു ജോൺ, സുൽത്താൻ ബത്തേരി

ഏഴു സുന്ദരികൾ എറിയപ്പെടുന്ന മണിപ്പൂർ, മിസ്സോറാം, നാഗാലാൻഡ്, അരുണാചൽപ്രദേശ്, ത്രിപുര, മേഘാലയ, ആസാം എന്നീ സംസ്ഥാനങ്ങളുടെയും അവിടങ്ങളിലെ ജനതയുടെ രീതികളും ചരിത്രവും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളുടേതിൽ നിന്നും തികച്ചും വിഭിന്നമാണ്. രത്നക്കല്ലുകളുടെ നാടായിട്ടും (Land of Gems) മണിപ്പൂർ അറിയപ്പെടുന്നു. പ്രധാനപ്പെട്ട സാമ്പത്തിക ഉറവിടം കൃഷിയും, വനവിഭവങ്ങളും, ചെറുകിട വ്യവസായങ്ങളും, വ്യാപാരങ്ങളുമാണ്.

മണിപ്പൂരിലെ സംഘർഷങ്ങളും, പ്രശ്നങ്ങളും തികച്ചും ഏകപക്ഷീയമല്ല. നിലവിലെ പ്രശ്നം മനസിലാക്കണമെങ്കിൽ അവരുടെ ചരിത്രവും, ജനതകളുടെ വർഗ്ഗ-വംശ വൈവിധ്യങ്ങളും, പോരാട്ടവീര്യങ്ങളുമെല്ലാം അറിയണം. ഈ ജനതയെ ഇപ്പോഴുള്ള കലാപത്തിലേയ്ക്ക് നയിച്ചത് ഗോത്രവർഗ്ഗത്തിൽ പ്രത്യേകാവകാശങ്ങൾ ലഭ്യമാക്കാനും പട്ടികവർഗ്ഗ പദവി സ്വന്തമാക്കുവാനുമുള്ള ഭൂരിപക്ഷ മെയ്തെയ് സമൂഹത്തിന്റെ നീക്കങ്ങളാണ്.

1947 ആഗസ്റ്റ് 1-ന് ഇന്ത്യൻ യൂണിയനിൽ അംഗമാകുവാനുള്ള കരാറിൽ മണിപ്പൂരിലെ ബുദ്ധചന്ദ്ര മഹാരാജാവ് ഒപ്പുവയ്ച്ചു. അനുകൂലിച്ചും, പ്രതികൂലിച്ചുമുള്ള തർക്കങ്ങളും, സായുധ പോരാട്ടങ്ങളും, വിഘടനവാദങ്ങളും അടക്കമുള്ളവയെ തുടർന്നാണ് മണിപ്പൂർ ഇന്ത്യയുടെ ഭാഗമായിത്തീരാൻ 1949 വരെ വൈകിയത്. 1956 വരെ കേന്ദ്രഭരണ പ്രദേശമായിരുന്നു. 1972-ൽ ആണ് മണിപ്പൂർ സംസ്ഥാനമായത്. ശക്തരായ പോരാളികളായ നാഗവംശജരെ നേരിടാനാണ് മെയ്തെയ്കളുടെ ഇംഫാൽ താഴ്വരകൾക്കും, ചുറ്റുമുള്ള മലകൾക്കിടയിൽ മിസോറാമിൽ നിന്നുമുള്ള കുക്കികളെ ബ്രിട്ടീഷുകാർ മണിപ്പൂരിൽ എത്തിച്ചതെന്ന് ചിലർ പറയുന്നു.

ഒരാളുടെ തലവെട്ടി മാറ്റിയതും, നാഗവനിതയെ ഇംഫാലിൽ വെടിവെച്ചു കൊന്നതിനുശേഷം മുഖം വികൃതമാക്കിയതും നാഗസമൂഹത്തെ ചൊടിപ്പിരുന്നു. മണിപ്പൂരിലെ ആദ്യകാല നിവാസികളും, അവകാശികളും ആദിവാസി ഗോത്ര വിഭാഗങ്ങളും തങ്ങളാണെന്ന് മെയ്തെയ്കൾ പറയുന്നു. കുക്കി വിഭാഗം കുടിയേറിവർ ആണെന്നും, മണിപ്പൂർ മലകളിൽ പോപ്പി കൃഷി നടത്തുന്നവരും (opium - കറുപ്പ്) മയക്കുമരുന്ന് കച്ചവടം നടത്തുന്നവരുമായ പ്രശ്നക്കാരാണെന്നും മെയ്തെയ് സമൂഹം ആരോപിക്കുന്നു.

മണിപ്പൂരിൽ കൊല്ലപ്പെട്ട തങ്ജം മനോരമയെന്ന യുവതിയുടെയും പട്ടാളബാരക്കിനു മുമ്പിൽ തുണിയുരിഞ്ഞ് പ്രതിഷേധിച്ച അമ്മമാരുടെയും, വെള്ളം പോലും കുടിക്കാതെ 6 വർഷം സമരം ചെയ്തതായ ഇറോം ശർമിളയുടെയും മറ്റും പോരാട്ടം പാഴായില്ല. AFSPA നിയമത്തിനെതിരെ മണിപ്പൂരിന്റെ ഉരുക്കുവനിതയെന്ന് അറിയപ്പെടുന്ന മനുഷ്യവകാശ പോരാളി ഇറോം ശർമ്മിള 2000 മുതൽ 6 വർഷത്തെ പോരാട്ടവും, തങ്ജം മനോരമയുടെ രക്തസാക്ഷിത്വവുമെല്ലാം ചരിത്രത്തിന്റെ ഭാഗമാണ്. AFSPA നിയമത്തിനെതിരെ പോരാട്ടം തുടരുവാൻ രാഷ്ട്രീയപാർട്ടി രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ച് 2016 ജൂലൈ 26-നാണ് ഇറോം ശർമിള സമരം അവസാനിപ്പിച്ചത്. ലോകത്തിനു മുമ്പിൽ ഭാരതം നഗ്നയാക്കപ്പെട്ടതും 77 ദിവസത്തിനുശേഷമുള്ള ആദ്യ അറസ്റ്റും, പ്രധാനമന്ത്രിയുടെ മൗനവും വാ തുറക്കുന്നത് 79-ാം ദിവസവും, ഓരോ ഭാരതീയനും ഉറക്കെ പ്രഖ്യാപിക്കുന്ന നാനാത്വത്തിൽ ഏകത്വം എന്ന മുഖമുദ്രയ്ക്കു കറുപ്പ് ചൂടുകയാണ്. നീതി നടപ്പാക്കണമെന്ന് ആവശ്യപ്പെടുന്നവരെയാണ് സർക്കാർ വേട്ടയാടുന്നത്. നൂറുകണക്കിന് സമാന സംഭവങ്ങൾ ഉണ്ടായിട്ടുണ്ടെന്നും അതുകൊണ്ടാണ് ഇന്റർനെറ്റ് നിരോധിച്ചതെന്നും ബിരേൻ സിംങ്ങ് സർക്കാരിന്റെ മറുപടിയും ഒരു സ്ത്രീയെന്നത് കേവലമൊരു നോക്കുകുത്തിപോലെ ആയി തീരുകയും ചെയ്യുന്നു. മനുഷ്യ മനസാക്ഷിയെ ഞെട്ടിപ്പിക്കുന്ന ദൃശ്യങ്ങളാണ് കലാപം കത്തുന്ന മണിപ്പൂരിൽ നിന്ന് പുറത്തുവരുന്നത്. കലാപഭൂമിയായ മണിപ്പൂരിൽ കുക്കി വിഭാഗത്തിലെ രണ്ട് സ്ത്രീകളെ നഗ്നരാക്കി റോഡിലൂടെ നടത്തുന്ന ദൃശ്യങ്ങൾ കൂടി പുറത്തു വരികയാണ്.

മാസങ്ങൾ മുമ്പ് തുടങ്ങിയ വംശീയ കലാപം 150-ൽപരം മരണങ്ങൾ, 300-ൽ അധികം പരുക്കേറ്റ ആളുകൾ, 54488 ആളുകളുടെ ആഭ്യന്തര പലായനം, 250 തകർക്കപ്പെട്ട പള്ളികൾ, മറ്റ് ആരാധനാലയങ്ങൾ, അടക്കം അസംഖ്യം സംഭവങ്ങൾ.

**1) മണിപ്പൂർ (Geography, Demography, History)**

മണിപ്പൂർ ഇന്ത്യയുടെ North Eastern ലെ (വടക്ക് കിഴക്ക് ഭാഗം) സംസ്ഥാനമാണ്. ഇന്ത്യയിലെ വടക്കുകിഴക്ക് സംസ്ഥാനങ്ങൾ ഭൂരിഭാഗവും മലനിരകളും, താമസിക്കുന്ന ജനവിഭാഗം പ്രധാനമായും ഗോത്രവർഗത്തിൽ (Tribe) ഉൾപ്പെട്ടിട്ടുള്ളവരാണ്. മണിപ്പൂർ ഭൂപ്രദേശത്തിലെ 90% വും മലപ്രദേശമാണ്. ബാക്കിയുള്ള 10% സ്ഥലത്തെ ചുറ്റിക്കൊണ്ടാണ് 90% ഉള്ളതായ മലനിരകൾ സ്ഥിതി ചെയ്യുന്നത്. പ്രധാനപ്പെട്ട നഗരങ്ങളായ, തലസ്ഥാനനഗരി കൂടിയായ ഇംഫാൽ ഒക്കെ ഉൾപ്പെടുന്നത് ഈ 10% വരുന്നതായ സ്ഥലത്താണ്. അവിടെയുള്ള ജനസംഖ്യയിൽ 65% ആളുകളും താമസിക്കുന്നതും ഈ ഒരു സ്ഥലത്ത് തന്നെയാണ്. 35% ആളുകൾ മാത്രമാണ് മലനിരകളിൽ താമസമാക്കിയിട്ടുള്ളത്.

മണിപ്പൂരിൽ വിവിധതരത്തിലുള്ള, വിവിധ-വിഭാഗത്തിൽ ഉൾപ്പെടുന്ന ഗോത്രത്തിൽ ഉൾപ്പെടുന്നവരാണ് താമസിക്കുന്നത്. മണിപ്പൂരിലെ പ്രധാനപ്പെട്ട സമൂഹം 'മെയ്തെയ്' (53%) എന്ന വിഭാഗത്തിലെ ആളുകൾ ആണ് (Dominant Community).

ഒരു കാര്യം തിരിച്ചറിയേണ്ടതുണ്ട് North east ലെ വിവിധ സംസ്ഥാനങ്ങളിൽ കാണുന്നതുപോലെ 'മെയ്തെയ് സമൂഹം' ഒരു ഗോത്രവിഭാഗമല്ല. അവരുടെ പ്രത്യേകത 'മെയ്തെയ് ഭാഷ' സംസാരിക്കുന്നതുമാണ്. മെയ്തെയ് ഭാഷ എന്നത് ഇന്ത്യൻ ഭരണഘടനയിൽ ഉൾപ്പെട്ടിട്ടുള്ള ST Language (Sheduled Tribal Language) -ൽ ഒന്നാണ്. മെയ്തെയ് എന്നല്ല വിളിക്കുന്നത് മണിപ്പൂരി (Manipuri in official) എന്നാണ്. മെയ്തെയ് സംസ്കാരം പിൻതുടരാത്ത ബാക്കിയുള്ള 47% ജനവിഭാഗവും വിവിധ ഗോത്രങ്ങൾ (Tribes) ആദിവാസി വിഭാഗത്തിലെ ആളുകളാണ്. ഗോത്രവിഭാഗത്തിലെ ആളുകൾ പിന്നെയും വിവിധങ്ങളായി ചെറുതും, വലുതുമായി ഒരുപാട് ഗോത്രവിഭാഗമുണ്ട്. ഇതിൽ പ്രധാനപ്പെട്ട 2 വിഭാഗങ്ങൾ കുക്കി (Kuki), നാഗാ (Nagas) എന്നിവയാണ്. ഇത് കൂടാതെ മറ്റ് വിഭാഗങ്ങളുമുണ്ട്. ഇതാണ് മണിപ്പൂർ സംസ്ഥാനത്തിലെ ഭൂമിശാസ്ത്രപരവും, ജനസംഖ്യാപരവുമായ വസ്തുതകൾ എന്നത്.

**ചരിത്രം**

1947-ൽ ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടുമ്പോൾ മണിപ്പൂർ എന്നത് നാട്ടുരാജ്യമായിരുന്നു. ആ സമയത്ത് ഇന്ത്യയിലെ നാട്ടുരാജ്യങ്ങളിലെ രാജാക്കന്മാരുടെ തീരുമാനം ഇന്ത്യയിലും, പാക്കിസ്ഥാനിലും ചേരാതെ സ്വതന്ത്ര രാജ്യമായി നിലനിൽക്കുവാനായിരുന്നു. പക്ഷെ ഇന്ത്യയിലെ മറ്റ് നാട്ടുരാജ്യങ്ങൾക്ക് സംഭവിച്ചത് തന്നെയാണ് മണിപ്പൂരിലും നടന്നത്. ഗവൺമെന്റിന്റെ തീരുമാനത്തോട് ചേർന്നു നിന്ന് കൂട്ടിച്ചേർക്കൽ കരാർ (Instrument of Accession) ഒപ്പിട്ട് ഇന്ത്യയുടെ ഭാഗമായി മാറി.

1972-ൽ മണിപ്പൂരിന് പൂർണമായ സംസ്ഥാന പദവി (Complete state hood) ലഭിച്ചതോടൊപ്പം അവിടെ നിയമസഭയും, ഗവൺമെന്റും വന്ന് ജനാധിപത്യപരമായി മുന്നോട്ട് പോവുകയാണ്. പക്ഷെ ഇത്തരത്തിൽ മുമ്പോട്ട് പോകുമ്പോൾ പ്രശ്നസാധ്യതയേറും എന്നത് ഭരണഘടന നിർമ്മാതാക്കൾ തിരിച്ചറിയുകയാണ്. കാരണം ജനസംഖ്യയിൽ ഏറ്റവും കൂടുതൽ ഉള്ളത് മെയ്തെയ് സമൂഹമാണ് (53%). ജനാധിപത്യപരമായിട്ട് തിരഞ്ഞെടുപ്പ് തുടങ്ങി ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ അവിടെ ഭൂരിഭാഗവും മെയ്തെയ് സമൂഹമായിരിക്കും; ബാക്കിയുള്ളതായ (47%) ഗോത്രവിഭാഗത്തിന് പ്രശ്നങ്ങൾ ഉണ്ടാകുവാനുള്ള സാധ്യതയുണ്ട്. ഇതുകൊണ്ടാണ് ഇന്ത്യൻ ഭരണ ഘടനയിൽ Article 371C (Special Provision with respect to the state of Manipur) എന്നത് ഉൾപ്പെടുത്തുന്നത്. ഇതിലൂടെ മണിപ്പൂരിന് പ്രത്യേക പദവികൾ ലഭിക്കുകയാണ്. പ്രധാനമായും ഗോത്രവിഭാഗത്തിലെ ആളുകളെ സംരക്ഷിക്കുവാനാണ് ഇത്തരത്തിൽ പ്രത്യേക പദവികൾ (Special State for protecting tribal interest) നൽകിയത്. മണിപ്പൂരിലെ നിയമസഭ നോക്കുമ്പോൾ 60 സീറ്റ് ഉണ്ട്. ഇതിൽ 40 സീറ്റ് മെയ്തെയ് സമൂഹവും, 20 സീറ്റ് ഗോത്രവിഭാഗത്തിലെ ജനപ്രതിനിധികളും വരുന്നത്. ഇങ്ങനെയുള്ള സാഹചര്യത്തിൽ MLA മാരുടെ ഇടയിൽ നിന്നും Tribal (MLA) Committee രൂപീകരിക്കുകയും, Tribal Area കാര്യങ്ങൾ ഈ കമ്മിറ്റി തീരുമാനിക്കുകയും, അത്തരം കാര്യങ്ങൾക്ക് കൂടുതൽ അധികാരം കൊടുക്കുകയും ചെയ്യുന്നു. അതുപോലെതന്നെ മലമ്പ്രദേശങ്ങളിലെ ഗോത്രവിഭാഗത്തിൽ District Counsil രൂപീകരിക്കുകയും, അവർക്ക് അധികാരം കൊടുക്കുകയും ചെയ്യുന്നു.

Article 371 C:- Special provision with respect to the state of Manipur (Notwithstanding anything in this Constitution, the President may, by order made with respect to the State of Manipur, provide for the constitution and functions of a committee of the Legislative Assembly of the State consisting of members of that Assembly elected from the Hill Areas of that State, for the modifications to be made in the rules of business of the Government and in the rules of procedure of the Legislative Assembly of the State and for any special responsibility of the Governor in order to secure the proper functioning of such committee.)

ഇത്തരത്തിൽ 53% വരുന്ന മെയ്തെയ് സമൂഹത്തിന് ഗോത്രവിഭാഗത്തിനു മേൽ കൂടുതൽ അധികാരം ചെലുത്താൻ സാധിച്ചിരുന്നില്ല.

പിന്നീട് മെയ്തെയ് സമൂഹവും, ഗോത്രവിഭാഗവും തമ്മിൽ ഒന്ന്, ഒന്നിനു മേൽ അധികാരസ്ഥാപനത്തിനുവേണ്ടി നോക്കുന്നു. ഗോത്രവിഭാഗത്തിലെ ആളുകളെ Article 371C സംരക്ഷിക്കുന്നതുകൊണ്ട് ആ സ്ഥലത്തേക്ക് കടന്നു ചെല്ലാനോ, കച്ചവടത്തിനോ, അവരുടെ അവകാശങ്ങളോ ലംഘിക്കുവാനോ മെയ്തെയ് സമൂഹത്തിന് സാധ്യമായില്ല.

ചരിത്രത്തിലെ പല സമയങ്ങളിലും പല രീതിയിലൂടെ ഈ അധികാര സ്ഥാപനത്തിനായിട്ട് മെയ്തെയ് സമൂഹം ശ്രമിക്കുന്നുണ്ട്. കാലാകാലങ്ങളായി ഈ പ്രശ്നം മുമ്പോട്ടു പോകുന്നുണ്ട്.

അടുത്ത് കണ്ടതായ ഒരു ഉദാഹരണമാണ്, മണിപ്പൂരിൽ സംരക്ഷിത വനങ്ങൾ ഉണ്ട്. ഇത്തരം വനങ്ങളിൽ താമസിക്കുന്ന സമൂഹങ്ങളെ അവിടെനിന്ന് കുടിയൊഴിപ്പിക്കുന്നതിന് ഒരു നിയമം പാസാക്കുകയാണ് (വനസംരക്ഷണം എന്ന പേരിൽ).

ഇത് കൂടാതെ മണിപ്പൂരിൽ ഉള്ളതായ മറ്റൊരു പ്രശ്നം പ്രാദേശിക കലാപമാണ് (Local insurgency operations). North East സംസ്ഥാനങ്ങളിൽ നോക്കുമ്പോൾ Local insurgent groups രൂപപ്പെട്ട് വരുന്നതായി കാണാം. ഇവരുടെ പ്രധാനപ്പെട്ട ആവശ്യം ഇന്ത്യൻ യൂണിയനിൽ നിന്നും മാറി സ്വതന്ത്രമായിട്ട് നാട്ടുരാജ്യം പോലെ നിലകൊള്ളണം എന്നതാണ്. അതോടൊപ്പം ഈ Local insurgent groups മെയ്തെയ് സമൂഹവും, ഗോത്രവിഭാഗവും തമ്മിലുള്ള പ്രശ്നങ്ങളിൽ ഇടപ്പെട്ട്, മ്യാൻമാർ നിന്നുപോലും വന്ന ഇടപെട്ട് വലിയ പ്രശ്നമായി മാറ്റാറുണ്ട്. ഇത്തരത്തിൽ വലിയ തോതിൽ 1970-80 കാലഘട്ടത്തിൽ വംശീയ കലാപം പൊട്ടിപുറപ്പെട്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഇന്ത്യൻ ഗവൺമെന്റിന് Armed force special power act (AFSPA) എന്ന നിയമം മണിപ്പൂരിൽ നടപ്പിലാക്കേണ്ടി വരുന്നത്. ഈ നിയമത്തിലൂടെ പട്ടാളത്തിന് കൂടുതൽ അധികാരം ലഭിച്ച് കൂടുതൽ പ്രശ്നങ്ങളിലേക്ക് തിരി തെളിയുകയാണ്.




2000-ത്തിന് ശേഷം ഇതെല്ലാം തന്നെയും സമാധാനപരമായി കലാപവും, പ്രശ്നങ്ങളും ചെറിയ രീതിയിൽ കുറയുകയാണ് ഉണ്ടായത്. 2022-ൽ മണിപ്പൂരിൽ നിന്നും AFSPA നിയമം എടുത്തു മാറ്റി.

**മണിപ്പൂരിലെ ആനുകാലിക പ്രശ്നങ്ങൾ**

ഇന്ന് മണിപ്പൂരിൽ നടക്കുന്ന പ്രശ്നങ്ങൾ നോക്കുമ്പോൾ, കുറെ കാലമായിട്ട് മെയ്തെയ് സമൂഹം ഒരു ആവശ്യം ഗവൺമെന്റിന് മുമ്പാകെ വയ്ക്കുകയാണ്. ആവശ്യം ഇതാണ്. [Mass Protest Rally include Meitai /Meetei (Sheduled tribe demand committe, Manipur (STPCM) മെയ്തെയ് വിഭാഗത്തിന് ST- Status കിട്ടണം. ഇതിനായിട്ട് മണിപ്പൂർ ഹൈക്കോടതിയുടെ ഭാഗത്ത് നിന്ന് ഒരു വിധി വരുകയാണ്. അതില്, സംസ്ഥാന ഗവൺമെൻറിന് നിർദ്ദേശം കൊടുക്കുകയാണ്, മെയ്തെയ് സമൂഹത്തിനെ ST Communitiy ആയിട്ട് പ്രഖ്യാപിക്കുവാനുള്ള നടപടി എടുക്കുക എന്നതായിരുന്നു. ഗവൺമെൻറ് ഈ തീരുമാനവുമായി മുമ്പോട്ട് പോവുകയും ചെയ്തു. മെയ്തെയ് വിഭാഗത്തിലെ സംസ്കാരവും, ഭാഷയും, രീതികളും സംരക്ഷിക്കുവാനായിരുന്നു. മണിപ്പൂരിൽ ധാരാളമായി Illegel migration (അനധികൃതമായ കുടിയേറ്റം) മ്യാൻമാർ, തുടങ്ങി മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കുടിയേറ്റം നടക്കുന്നുണ്ട്. ഇവർ പ്രധാനമായും മെയ്തെയ് വിഭാഗം താമസിക്കുന്ന സ്ഥലത്താണ് താമസിക്കുന്നത്. കാരണം ഗോത്രവിഭാഗങ്ങൾ താമസിക്കുന്നിടത്ത് ധാരാളം നിയന്ത്രണങ്ങൾ ഉണ്ടായിരുന്നു (താമസിക്കുന്നതിനും കച്ചവടത്തിനും വിൽപ്പനയ്ക്കും).

ഗവൺമെന്റിനോടുള്ള ഹൈക്കോടതിയുടെ നിർദ്ദേശം ഗോത്രവിഭാഗത്തിലെ ആളുകൾ ശക്തിയായി എതിർക്കുകയാണ് ഉണ്ടായത്.

Tribal Solitary march against Meitai /Meetei ST Demand. Come now let us reason together (Date 1st May 2023) മെയ്തെയ് സമൂഹത്തിന് ST Status ലഭിക്കുമ്പോൾ ഗോത്രവിഭാഗങ്ങൾ താമസിക്കുന്നിടത്ത് നിന്ന് ഒഴിപ്പിക്കാനും, മറ്റ് പ്രശ്നങ്ങൾ സൃഷ്ഠിക്കുവാനും എളുപ്പമാണ്. Tribal People ന്റെ നിലനിൽപ്പിനെ ബാധിക്കും എന്നും പറഞ്ഞാണ് സമരങ്ങൾ ആരംഭിക്കുന്നത് (We all defend our land to the end: it's all we have) ഗവൺമെന്റ് യാതൊരു കാരണവശാലും ST Status മെയ്തെയ് വിഭാഗത്ത് കൊടുക്കുവാൻ സമ്മതിച്ചില്ല.


പിന്നീട് ആ സമരമുഖങ്ങൾ അക്രമങ്ങൾ (Violence) ആയി മാറുകയാണ്. വ്യത്യസ്ത തരത്തിലുള്ള Insurgent groups ഇതിൽ ഉൾപ്പെടുകയാണ്. ഇന്ത്യയുടെ വടക്ക് കിഴക്കൻ സംസ്ഥാനങ്ങളുടെ നിലനിൽപ്പിനെ തന്നെ ബാധിക്കും എന്ന സ്ഥിതിയിലേക്ക് എത്തുകയാണ്, എന്ന സാഹചര്യത്തിലാണ് ഇന്ത്യൻ ഗവൺമെന്റ് വീണ്ടും, പട്ടാളത്തെയും (Para military forces) നെയും ഒക്കെ വിന്യസിപ്പിക്കുന്നത്. അതുപോലെ Shoot at sight എന്ന വലിയ ഓഡറുകൾ പുറപ്പെടുവിക്കേണ്ടി വരുന്നത്.

**Christians of Manipur**

ഇവിടെ നാഗാ, മെയ്തെയ്, കുക്കി തമ്മിലുള്ള വിവാദം, കലാപനഗരിയായി മാറുമ്പോൾ ക്രിസ്ത്യാനികളുടെ ആരാധനാലയങ്ങൾ കത്തിക്കുന്നതാരാണ്? ക്രിസ്ത്യാനികളെ തിരഞ്ഞുപിടിച്ച് വെടിവെയ്ക്കുന്നതാരാണ്? ക്രിസ്തുവിനെ ആരാധിക്കുന്നവർ മെയ്തെയ് ആണോ, കുക്കിയാണോ, നാഗായാണോ, മറ്റുള്ള രാഷ്ട്രീയപരമായ മെച്ചത്തിനും, ക്രിസ്ത്യാനി മേൽക്കോയ്മ ഇല്ലാക്കുകയുമാണോ ഇന്ത്യൻ ഗവൺമെന്റിന്റെ ലക്ഷ്യം എന്ന് ചിന്തിച്ച് അറിയേണ്ടിയിരിക്കുന്നു. കുക്കി, നാഗാ, ഗോത്രവിഭാഗത്തിലെ മഹാഭൂരിപക്ഷം പക്ഷെ ക്രൈസ്തവരാണ്. നൂറ്റാണ്ടിനു മുമ്പേ ക്രൈസ്തവ മതം സ്വീകരിച്ചവരാണ്. പ്രത്യേകമായ ആരാധനശൈലിയും, പാട്ടുകളും, വാദ്യോപകരണങ്ങളും പ്രത്യേകം പരിശീലനം നേടിയവർ, ബ്രിട്ടീഷുകാരുടെയും, മറ്റ് മിഷണറിമാരുടെയും വരവോടെ ഗോത്രജനതയുടെ ക്രൈസ്തവ ആഭിമുഖ്യം കൂടി. ക്രിസ്തീയ വിശ്വാസം പഠിക്കണം പഠിപ്പിക്കുവാൻ യോഗ്യരായിക്കണം എന്ന് നിഷ്ക്കർഷിച്ചിരുന്നു. ശീലമാക്കിയിരുന്നു. വിദ്യാഭ്യാസ, ആരോഗ്യ സാമ്പത്തിക ശക്തീകരണത്തിലേക്ക് സ്ത്രീകളടക്കം ഗോത്രജനതയെ നയിക്കുവാൻ ക്രിസ്തുമതത്തിന് സാധിച്ചു. ഇതിലൂടെ കൂടുതൽ ആളുകൾ ക്രിസ്തുമതത്തിനോട് അടുക്കുന്നതും, സംഘപരിവാർ ശക്തികളുടെ ഉറക്കം കെടുത്തുന്നു. മെയ്തെയ് വിഭാഗത്തിൽ ഭൂരിപക്ഷവും ഹിന്ദു വിശ്വാസികളാണ്. കേന്ദ്രത്തിലും, മണിപ്പൂരിലും ബി.ജെ.പി. സർക്കാരിന്റെ വരവോടെ വംശീയവും, വർഗ്ഗപരമായ സംഘർഷങ്ങൾ, മതപരമായ പുതിയ ദിശയിലേക്ക് വഴിമാറുകയാണ്. മണിപ്പൂരിൽ ശക്തിയുള്ള ക്രൈസ്തവ വിഭാഗത്തെ ലക്ഷ്യമിട്ട് വർഗ്ഗീയ സംഘട്ടനത്തിനുള്ള ഗൂഢാലോചനകൾ നടപ്പാക്കുവാൻ ഹിന്ദുത്വശക്തികൾക്ക് ഇതിൽ കൂടുതൽ ആവശ്യമില്ല. ലോകത്തിലെ സായുധ ശക്തികളിൽ 5-ാം സ്ഥാനമാണ് ഇന്ത്യയ്ക്കുള്ളത്. എന്നിട്ടുപോലും ചെറിയൊരുകലാപത്തെ പിടിച്ചടക്കുവാൻ കഴിയാതെ വരുന്നതെന്താണ്. ആയുധങ്ങൾ ധരിച്ചുകൊണ്ട് സാധാരണജനങ്ങൾ (6 ലക്ഷം വെടിയുണ്ടകൾ കൈവശമുണ്ട്) ക്ക് എവിടെ നിന്ന്. ആരാണ് ഇത് നൽകുവാൻ തയ്യാറാകുന്നത്; അവിടെ നിന്ന് ആരെയാണ് കുടിയൊഴിപ്പിക്കേണ്ടത്? (State Sponsored terrorism) ഭീകരവാദങ്ങളും കലാപഭൂമിയും ആക്കി തീർക്കണം എന്നുള്ളത് കേന്ദ്ര ഗവൺമെൻറിന്റെ ആവശ്യമായിട്ട് എങ്ങനെയാണ് മാറ്റപ്പെടുന്നത്. വംശീയകലാപത്തിലെ മാനിക്കുന്ന വർഗ്ഗീയ കരങ്ങൾ ആരുടെതാണ്. ജയ് ശ്രീറാം വിളിക്കുവാൻ ആവശ്യപ്പെട്ട് കാവിവൽക്കരിക്കുന്ന ആർഷ ഭാരത സംസ്കാരവും, മാനുഷികബന്ധങ്ങളിലെ അകൽച്ചയ്ക്കും കാലപഭൂമിയാക്കി ഭാരതത്തെ മാറ്റുവാനും, ആർക്കാണ് ഇത്ര തിടുക്കം. കറുത്ത ബോർഡിനെ കീറിമുറിച്ച് പാഞ്ഞ ഓരോ വരകളിലൂടെയും അധ്യാപകരെല്ലാം പറയാതെ പറഞ്ഞുതന്ന ഒന്നുണ്ട് ഏതിരുട്ടിലും വെളിച്ചമാവുക.

❑





**ബാംഗ്ലൂർ ഭദ്രാസനത്തിന്റെ സഹായ മെത്രാപ്പോലീത്തായായി ചെന്നൈ ഭദ്രാസന മെത്രാപ്പോലീത്താ ഗീവർഗീസ് മാർ പീലക്സിനോസിനെ പരിശുദ്ധ കാതോലിക്കാ ബാവ നിയമിച്ചു.**

## ഡോ. എബ്രഹാം മാർ സെറാഫിം തുമ്പമൺ ഭദ്രാസന മെത്രാപ്പോലിത്താ

കോട്ടയം: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ തുമ്പമൺ ഭദ്രാസന മെത്രാപ്പോലീത്തയായി ഡോ എബ്രഹാം മാർ സെറാഫിം മെത്രാപ്പോലിത്താ ചുമതല ഏൽക്കും. സെപ്റ്റംബർ 26-നു പഴയസെമിനാരിയിൽ കൂടിയ മാനേജിംഗ് കമ്മറ്റി ശുപാർശ പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് അംഗീകരിക്കുകയായിരുന്നു. സീനിയർ മെത്രാപ്പോലിത്താ ആയിരുന്ന കുറിയാക്കോസ് മാർ ക്ലിമിസ് തിരുമേനി സ്ഥാനത്യാഗം ചെയ്തതിനെ തുടർന്നാണ് ഒഴിവു വന്നത്. മാനേജിംഗ് കമ്മറ്റി യോഗത്തിനു പ. ബസേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ അധ്യക്ഷത വഹിച്ചു. ഡോ. യൂഹാനോൻ മാർ തേവോദോറോസ് മെത്രാപ്പോലീത്ത ധ്യാനം നയിച്ചു. റഷ്യൻ ഓർത്തഡോക്സ് സഭയും കത്തോലിക്കാ സഭയും മലങ്കര സഭക്ക് നൽകിയ സ്വീകരണത്തിന് പരിശുദ്ധ ബാവാ നന്ദി രേഖപ്പെടുത്തി. അഭി. സഖറിയാസ് മാർ അന്തോണിയോസ് മെത്രാപ്പോലീത്തയുടെ ദേഹവിയോഗത്തിൽ അനുശോചിച്ചു പ്രാർത്ഥന നടത്തി. മാത്യൂസ് പുളിമൂട്ടിൽ കോറെപ്പിസ്കോപ്പാ, ഫാ. വി. എം മത്തായി വിളനിലം, ഫാ. റ്റി. സി. ജോൺ, ഫാ. ജോസഫ് മങ്കിടി, മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടി, ഡോ. ഫിലിപ്പ് ജോർജ്, ജോർജ് ഗീവർഗീസ് എന്നിവരുടെ വിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തി.

NCCI പ്രസിഡണ്ടായി തിരഞ്ഞെടുത്ത ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്ത നോർത്ത് വെസ്റ്റ് ഇന്ത്യ റീജണൽ കൗൺസിൽ പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ട ഡോ. യൂഹാനോൻ മാർ ദിമിത്രിയോസ് മെത്രാപ്പോലീത്താ, കേരള നിയമ സഭാംഗമായി തെരഞ്ഞെടുക്കപ്പെട്ട ചാണ്ടി ഉമ്മൻ, അമേരിക്കൻ ഹൂസ്റ്റൺ പട്ടണത്തിന്റെ മേയർ ആയി തെരഞ്ഞെടുക്കപ്പെട്ട കെൻ മാത്യൂസ്, കാനഡ അണ്ടർ 19 വേൾഡ് കപ്പ് അന്താരാഷ്ട്ര ക്രിക്കറ്റ് ടീമിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ജോർദാൻ മാത്യു എന്നിവരെ അനുമോദിച്ചു. 2022 -23 വർഷത്തെ വരവ്-ചിലവ് കണക്ക് അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ അവതരിപ്പിച്ചത് യോഗം പാസ്സാക്കി.

## 23rd September - Commemorating Blessed Alvares Mar Julius Metropolitan of blessed memory

### Rincy

St. Dionysus Vattasseril exhorts us to emulate the faith exhibited by Alvares Thirumeni in this following speech titled ‘Conscience and Peace’ (Manasakshiyum Samaadhaanavum):

"You are well aware about our Alvares Methrachen (Metropolitan). It has been only a few months since he left for heavenly abode. He died when he was almost 90 years or so. He stood firm and steadfast in his faith. Towards the end of his life, he lived in the city of Goa. There was no one from the Orthodox faith in that town, in fact majority of the people belonged to the Roman church. He did have few esteemed and honoured individuals from the Hindu faith and business community as his friends whom he told the following before his death:

“When I am on my deathbed, many priests of the Roman fold may come and advise me to renounce my faith. Due to ill-health and fatigue I may move my head. Seeing my head movements, they will proclaim that I have nodded in agreement to what they instructed me. To ensure such things do not happen; I declare the following with you as a witness: I will never renounce my faith, even on my deathbed. If anyone claims that I have renounced my faith, then you are a witness to the fact that it is not true.”

You must understand how firm his faith was. For the sake of ensuring peace with others, nobody one should renounce his faith, or act against his conscience.”"

By the prayers of our holy father among the saints - Blessed Alvares Mar Julius Metropolitan of blessed memory, May the Lord have mercy upon us and help us.

# DEATH VALLEY (Acts: 7:52-60)

## Fr. Sam Oommen Panackamattam

Beginning of Acts: 6:8 through the close of this chapter, Luke records the ministry and death of Stephen. Stephen was one of the seven men chosen to be the first Deacons of the early church. He was a man filled with Holy Ghost. He was a man God used greatly for His glory. He was a man God used to accomplish much in a short time.

While Stephen was man of immense spiritual power, he was also a man who suffered greatly because of His relationship with Jesus. The Jews were not happy that Stephen was working miracles, Acts: 6:8, they called together their greatest religious minds to debate spiritual matters with Stephen, but they couldn't overcome his wisdom and knowledge of things of God, Acts: 6:9-10, they bribed men to lie about him, Vs: 6-11. They accused Stephen of blaspheme of seeking to undermine the laws of Gods and of speaking against the temple. It was all lies, but it was all the council needed to hear. The high priest was convinced and he began to interrogate Stephen Vs:7:1.

When they opened the door, Stephen began to preach the word of God; he retold the History of Jewish nation from Abraham and ending with ministry of Lord Jesus. And Stephen also reminded the Jews of the idolatry of the nation and how they turned to other gods and were judged by the Lord.

Stephen word made them hurt Vs:54. They were brought under such conviction that these dignified religious leaders actually ran to Stephen and began to bite the teeth, due to anger, Stephen reacted to their attack by telling them that he saw the risen Christ at God's right hand, they flew and dragged him from the city and stoned him to death VS: 55-60.

In this sad heinous scene from the tragedy surrounding the death of the first Christian Marty's there is some help for us today, Stephen in these verses passed through a place mentioned by David in Ps:23, Vs:4" …. That valley has been variously interpreted through the years, some say it refers to death, while others suggests that it refers to the hard places of this life. But second meaning is more worthy.

The analogy of a shepherd leading his sheep is a precious thing. The shepherd leads the sheep through places where they can feed, drink and rest safely. He leads them to places where they can grow and be content, but as they journey from one place of peace and safely to another, they are forced to pass sometimes through places where the shadows grow long and the ways grow hard.

In our text, Stephen is passing through such a place, he passed through that place of dark shadows into the very presence of the Lord.

We can realize our difficulties do not rise to the level of Stephen. But life is filled with those time sickness, financial troubles, marital discord, problem with children, and many other matters comes against us, attack us and brings pain to us …. Refer: Jn: 16:33, Job: 14:1. We know, these are difficult days and last thing we need is a reminder of how hard they are that we can find in observing Stephen during his Death Valley experience. Even though Stephen died, He was a victor, not a victim. He obtained his victory by following certain strategies in his life. These strategies gave Stephen victory were others could only see defeat. These same strategies will help us when we face our own Death Valley days. Hence let's learn from the life and testimony of Stephen, how we can enjoy ongoing victory when it's our time to walk through the valley.

**Vs: 55:- Be aware of How You are Living: -**

The Bible makes it clear that there was a vast difference between Stephen and his attackers, they are attacking him, but he has his attention focused on the Lord, Vs: 55 draws attention to this difference by simply saying "But … he" – Stephen was different from



the evil men around him and it showed in his life.

- When we move into a Death Valley experience in our lives the first thing we need to do is examine our own hearts. Sometimes the hardships are brought about by our own foolish decisions or because we are out of the will of God. That is called Chastisement and we need to know that God will use whatever methods; He must to get our attention. He will speak as loudly as He needs to in order to get us to listen (Joab's barley fields: 2 Sam: 14-28:33.

- Sometimes the hardships comes because we are living for the Lord, God allows suffering in our lives for His own purposes, God does this to make us grow, to mature us, and to make us more like Jesus. Do not shy to remember two things are true in our lives:

1) We need to be sure that we are suffering for the right reasons .1Pt:3:13-17

2) We need to be sure that we react to our hardships the right way .James: 1:2, Lk: 6:22-23.

When the trial comes and cold winds begin to blow in life, take some time to examine the heart – "Be aware of how you are Living"…..

**Vs: 55: Be aware of who is leading: -**

These verses tell us that Stephen was "full of Holy spirit" at that moment, Stephen was exactly where God wanted him to be. God had led Stephen to that very place for that very moment for the very things that was happening to Him. Everything that took place was the will of God for Stephen's life.

When we do the leading we will always find ourselves in deep trouble with no one to help. When he does the leading, He will guide us into perfect places of life. He will lead us to places where we can experience His amazing grace to places where we can grow in our relationships with the Lord.

Sometimes the Lord will lead us to places in life that makes no sense; we will look around and wonder what the world is doing. But if He has done the leading, He will bring us to perfect place, Ps: 37:23, Job: 23:10. Our life duty is to yield to Him and allow Him to lead us to where He wants us to be even when we don't like the destination that was Paul's determination, Gal: 2:20. That is God's command for each of us – Rom: 6:13.

When we enter our Death Valley experience, take some time to examine ourselves – Be aware of who is leading"

**Vs: 55b – 56:- Be aware of Where You are Looking:**

While the Jewish leaders were attacking Stephen, he visions his eyes on another country, while they stoned him. Stephen is looking at the Glory of God and seeing the risen Christ standing at the Right hand of God in heaven – what a vision, what a scene. He is not looking at his problems, but looking at the savior.

Stephen teaches us a valuable lesson in these verses we can either spend our lives focused on the problems of life or we can spend our time focusing on the problem solver, we can fix our eyes on our situations or we can fix them on the one who determines the situations.

- We can look at anything we want to, but our help will come when we learn to look past the things, we can see and place our eyes on the only one, who can help us: Heb: 12:1-3. God is working out an eternal plan and He has made us a part of it. Our duty is to look at Him and to keep going for His glory. We need to realize that this life with all it's pains and sorrows is a shadow that will pass away one day soon. The only things that are real are those things that wait for us on the other side. 2 Cor: 4:17-18.

When Stephen saw Jesus. He was standing, and not sitting. That's very interesting because the Holy Bible tells us that Jesus ascended to heaven and sat down at the right hand of God's throne Col: 3:1, Heb: 10:12, 12:2. Stephen is allowed to the great honor of seeing the glorified Christ in Heaven standing. Acts 7:56.

Why is Lord standing – some suggest that Jesus is standing as signal that He is ready for action, that He sees what is happening to his servants and He is moved to do something about it. Only

problem is that, He didn't do anything. He let them to hit Stephen; He let them stone Stephen He stood while His servant suffered. Why is Jesus standing – Jesus is the King of Kings.

No ancient King would stand in the presence of a subject. King Jesus sees the suffering of His men and He stands to show His concern for the hardship Stephen faced.

He stands to honor this man who is honoring Him. He stands to welcome the first Martyr for the Christian era into Heaven. He stands for Stephen because Stephen has stood for him.

When the hard time comes, take a moment to examine our life, Be aware of where you are looking" -

Vs : 58-60: Be aware of Where You are Leaning:

- They drag Stephen outside the city and they begin to cast stones at him, and they continued until He is dead. Even as the stones fell on his body tearing the skin, bruising the muscles and breathing the bones, beneath Stephen calls on God and commits His spirit to the Lord. He places His burden in the hands of his Lord, like Jesus, he even prays for those who were attacking him.

- In Stephen's dying moments we are given a glimpse of a man who is still leaning on the Lord. When the hardship of life comes on us, we can take a lesson from this man.

- Learn to call on God in every situation

Jer: 33:3, Mt: 7:7-11

- Learn to give your burdens to the Lord 1 Pt: 5:7, Ps: 55:22.

- When we enter our Death Valley situation, Remember Isaiah: 41:10, take stock of your life and Be aware of where you are leaning.

This story ends here, Stephen miraculously rising from the heaps of stones – Stephen died that day and he went home to be with the Lord.

❑






**മലങ്കരസഭയുടെ ചരിത്ര പ്രസിദ്ധമായ ബോംബെയിലെ 'അമ്മ പള്ളി' എന്നറിയപ്പെടുന്ന സെൻറ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ – ദാദർ, മുംബൈ ഇടവകയുടെ 80–ാം വാർഷിക (ഓക്ക് വർഷം) ആഘോഷങ്ങൾക്ക് ഓഗസ്റ്റ് 6 ഞായറാഴ്ച തുടക്കം കുറിച്ചു. ഫാ. തോമസ് ചാക്കോ (സെക്രട്ടറി – മുംബൈ ഭദ്രാസനം), ഫാ. എം. ഇ. ജോസഫ് (വികാരി), ഫാ. ജൂബിൻ തോമസ് (അസി. വികാരി) വിശുദ്ധ മൂന്നിന്മേൽ കുർബാനയ്ക്കുശേഷം 80–ാം വാർഷിക ലോഗോയും, ബ്രോഷറുകളും, ഫണ്ടും, ആഘോഷങ്ങളും ഉദ്ഘാടനം ചെയ്തു.**

## ഏക മനസ്സിലും ഏക അഭിപ്രായത്തിലും

"നമ്മുടെ മക്കളെ, നിങ്ങൾ ബുദ്ധിയും സാമർത്ഥ്യവും നല്ല കാര്യങ്ങളിൽ താല്പര്യവും ഉള്ളവരാണ്. എന്നാൽ ഒരു കുറവുണ്ട് എന്നു നാം ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. ഇതേപ്പറ്റി നാം മുമ്പിനാലേ നിങ്ങൾക്ക് എഴുതിയിട്ടുള്ളതാണ്. സുറിയാനിക്കാർ അസൂയാലുക്കളും തമ്മിൽ തമ്മിൽ ദ്വേഷിക്കുന്നവരും തങ്ങളുടെ തലവന്മാരെ അനുസരിക്കാത്തവരുമാണെന്ന് ബാർ എബ്രായ പറഞ്ഞിട്ടുണ്ട്. ഈ സ്വഭാവത്തിന്റെ അംശങ്ങൾ ഇപ്പോഴും നമ്മുടെയിടയിൽനിന്നും തീർത്തുമാഞ്ഞുപോയിട്ടില്ല. അതുകൊണ്ടാണ് നമുക്ക് ശരിയായ മേൽഗതി ഉണ്ടാകാത്തത്. ഈ കുറവു തീർത്തും പരിഹരിക്കപ്പെടണം. നിങ്ങൾ നല്ല അനുസരണവും അച്ചടക്കവും പാലിക്കണമെന്ന് നിങ്ങളെ നാം ഓർമ്മിപ്പിക്കുന്നു. വ്യക്തിപരമായ ഇഷ്ടങ്ങളും താല്പര്യങ്ങളും സാധിക്കണം എന്നു വിചാരിക്കാതെ ദൈവേഷ്ടം നടക്കണം എന്നായിരിക്കണം എല്ലായ്പ്പോഴും നിങ്ങളുടെ ഉദ്ദേശ്യം. ഈ നിഷ്ഠ പാലിക്കുമെങ്കിൽ നമ്മുടെ ഇടയിൽ അങ്ങിങ്ങായി കാണപ്പെടുന്ന എല്ലാ അസുഖങ്ങളും അസ്വാസ്ഥ്യങ്ങളും ഇല്ലാതായിക്കൊള്ളും. നമ്മുടെ കർത്താവ് കുരിശിലെ മരണത്തോളം അനുസരണയുള്ളവനായിരുന്നു എന്ന് വി. ഏവൻഗേലിയോനിൽ നാം വായിക്കുന്നു. 'ഞാൻ എന്റെ ഇഷ്ടമല്ല എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്‌വാനത്രേ സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്നത്' എന്നു നമ്മുടെ കർത്താവു കല്പിച്ചിട്ടുണ്ടല്ലോ. 'നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ചെയ്യപ്പെടേണമെ' എന്നു പ്രാർത്ഥിപ്പാനാണ് താൻ നമ്മെ പഠിപ്പിച്ചിരിക്കുന്നതും. ഗത്സീമോനിൽ അതിവേദന അനുഭവിച്ചപ്പോഴും 'പിതാവേ, എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടം നടക്കട്ടെ' എന്നു കർത്താവ് തന്നെത്താൻ ഭരമേല്പിച്ചുകൊടുക്കുകയാണു ചെയ്തത്. പ്രിയരെ, ഇതാണു താൻ നമുക്കു വെച്ചേച്ചു പോയിരിക്കുന്ന മാതൃക. ഈ മാതൃക നാം പിൻതുടർന്നാൽ നമ്മുടെ ഇടയിലുള്ള എല്ലാ ഛിദ്രവാസനകളും അവസാനിക്കും. ക്രിസ്തീയ ഐക്യം നമ്മെ ഭരിക്കുകയും ചെയ്യും. 'സഹോദരന്മാരെ നിങ്ങളെല്ലാവരും ഒന്നു തന്നെ സംസാരിക്കുകയും നിങ്ങളുടെ ഇടയിൽ ഭിന്നത ഭവിക്കാതെ ഏക മനസ്സിലും ഏക അഭിപ്രായത്തിലും യോജിച്ചിരിക്കുകയും വേണം' എന്നു നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമം ചൊല്ലി വി. പൗലൂസ് അപ്പോസ്തോലൻ കോരിന്ത്യരോടു പറഞ്ഞിട്ടുള്ള അതേ വാക്കുകളാൽതന്നെ നാമും നിങ്ങളെ ഉത്ബോധിപ്പിക്കുന്നു."

**– പ. ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാബാവാ**

(അന്ത്യ കല്പനയിൽ നിന്നും)

# WOMAN: GOD'S MOST BEAUTIFUL CREATION

## Mintoo Peter



God who said that He could make descendants of Abraham from stones, chose to send His only begotten Son to earth to dwell amongst us through a humble woman. This incident shows how God values the role of woman in the society. Jesus could have taken flesh and body without the help of a woman, yet He chose not to.

In the beginning, God looked with gladness at the vast universe and the beautiful world that He had created but He knew that He had still to make the most wonderful part of the creation. First, God made the man, and named him Adam. But even with all the animals to care for and play with, Adam was lonely. So, God made Eve, the first woman, to be his wife, so that they could talk, laugh, share their emotions and take care of each other.

A woman is actually a companion given to man by God Almighty. When God created woman, He knew that she had to be special. She is a partner in life and a friend. God made her heart strong enough to carry the weight of everyday life, yet gentle enough to give comfort. He gave her an inner strength to endure childbirth and the rejection that comes from her own children many a times. Women are undoubtedly a symbol of compassion and a pillar of strength. God has blessed her with a hardness that allows her to keep going, when everyone else gives up, and takes care of her family through sickness and fatigue without complaining.

The beauty of a woman must be seen in her soul, because that is the place where love, care and humility reside. From Eve to Mother Mary, the Bible gives examples of so many women who stood by their families and were committed to God. When Eve represents curiosity and disobedience, Mother Mary represents submission, obedience and commitment to God. From there on if we flip the pages of history through two thousand years, we see the picture of a woman who wants to liberate herself, build her life, bring up her family and contribute to the society. At the same time, she wants to impart the best values to her children and be spiritually uplifted. She wants to enjoy the freedom as much as a man, and to be seen as an equal partner in the family and in the society.

When you look around you see woman at all kinds of social status. Somebody comes up as the most influential woman in the whole world and someone else, who is brutally molested and denied justice for expressing her desire to be herself. This disparity arises from the way our society treats it's women and prejudice that women and her aspirations should be suppressed for the "betterment" of society. Today, when we hear encouraging stories about women achievers at one end, we have endless stories of brutal atrocities, molestation, denial of justice and all kinds of social injustice on millions of others whose stories go untold. The Christian community and the Church take pride in demonstrating how the women must be treated and respected for her individuality. According to Galatians 3:28 – "There is neither Jew nor Greek, there is neither slave nor free, there is no male and female, for you are all one in Christ Jesus". For an Orthodox believer, Mother Mary, the Theotokos, is placed First among the Saints and our intercessory prayers to her are considered in the highest order. The Lord has demonstrated this by obeying His mother in the wedding ceremony at Cana and his compassion for her well-being when He was in the utmost suffering on the cross. Moreover, we should also remember that after Jesus was resurrected, the good news of His resurrection was first proclaimed to a woman – Mary Magdalene.

As political thinkers have pointed out, a society's status improves only when it's women's status improve. When a society starts respecting the inner beauty of a woman and her importance, the generations grow up as responsible citizens keeping peace and harmony and care for one another which is , in essence, the true kingdom of God.

Praise the Lord!

❑

---

◆ നിത്യവും ദൈവപ്രാർത്ഥന ചെയ്യുന്നവൻ ഒരിക്കലും അസത്യവാനോ ദുർമ്മാർഗ്ഗിയോ, അവിശ്വാസിയോ, ഭക്തിഹീനനോ, ജനദ്രോഷിയോ, സ്വാമിദ്രോഹിയോ ആയിത്തീരുന്നതല്ല.

◆ ഹൃദയം നിറഞ്ഞ ഭക്തിയോടെ ചെയ്യുന്ന പ്രാർത്ഥന ദൈവം കൈക്കൊൾകയും ഒരു അനുഗ്രഹരൂപമായി അതു നമുക്കു തിരികെ ലഭിക്കുകയും ചെയ്യും.

◆ സമാധാനത്തിന്റെ മനുഷ്യർ ചുരുക്കവും കലഹത്തിന്റെ പുത്രന്മാർ വളരേയും ആകുന്നു. അത് ഒടുക്കകാലമാകകൊണ്ടായിരിക്കാം.

◆ നാം ചെയ്യുന്നതു ദൈവത്തെക്കുറിച്ചു എന്നിരുന്നാൽ മതി. അപ്പോൾ നമുക്കു തന്നിൽനിന്നു പ്രതിപകരം കിട്ടും.

◆ ഈശ്വര പ്രാർത്ഥന ഈ ലോകത്തെ പല വിധത്തിലും ദൈവത്തിന്റെ പാദാരാവിന്ദങ്ങളോടു ചേർക്കുന്ന പൊന്നിൻ ചങ്ങലയത്രെ.

– പ. പരുമല തിരുമേനി

## Book Release



# 7 THINGS TO PERFECT YOUR PREPARATION FOR CIVIL SERVICES EXAM

## Fr. Adv. Alvin Abraham Simon

We all have dreams and dreams make us human. Human beings have the most imaginative and creative minds in this universe. Our lives are important to us no matter what we do, but our lives may become important to others when we choose careers which extend and touch the lives of others. UPSC is one those dream jobs which creates an opportunity to serve others along with an opportunity to use our minds at its fullness with much creativity. Cracking UPSC exam is not easy but when you do it, you open up lot many doors for yourself. Fame, money, power and many such travel to you to keep you motivated.

However, in this journey of clearing UPSC civil services exam, one must know the fact that it is a journey of majority failing and a minority making it to the service. In 2021, around 5 Lakh students appeared for the CSE (prelims) and only 761 students were finally selected as officers. The statistics of the year 2022 is also very similar and has the same passing percentage. These statistics shows that the passing percentage is below 1% every year.

UPSC Preliminary exam is an elimination round and more than 90% students are filtered at that stage and it is interesting to note that the students those who are finally selected from mains exam is almost 7-8%. Analysing these statistics, anyone who is preparing for UPSC must understand that if you clear prelims exam and prepare fairly well for the mains, you would be in the list for sure. Preparing for prelims and mains simultaneously is **THEREFORE A MUST**. Now, let's go through a few important points if you are seriously thinking about UPSC Civil Service Exam.

1. **START AS EARLY AS POSSIBLE:** You may know Pawan Gupta IFS officer who cleared the exam after 5 massive failed attempts. In one of his interviews, he said "Although I knew that I wanted to appear for the examination in my college days, it was only after I quit my job that I started sincere preparation. If you are serious about attempting the examination, there is no point in delaying the process,". Starting early is the key to clearing this exam. Preparing while graduation will help in many ways. It will help us to know the exam pattern, syllabus and the way forward. **The early start will certainly give you an edge over others**.

2. **GET GOOD GUIDANCE/RIGHT MENTORSHIP:** During our days, we lacked good online study materials for UPSC preparations. "We did not have access to digital means like Telegram for notes. One of my college mate, now a civil servant had told me that when he wanted to prepare for UPSC, he did not know how to go about it. He ended up reading the wrong books. Finally clearing the exam, he told me "Getting guidance from someone who can direct you on what to study, when to study, and which topics to focus on is essential. Knowing what mistakes to avoid is crucial too. This exam is quite demanding, so aspirants need solid guidance". Today the internet is full of guidance and the town is filled with UPSC coaching centres. It is interesting to note that the extreme southern part of India, a small city alone has more than 50 coaching centre, it is more crucial to get the right mentoring/guidance.

3. **CHOOSE THE RIGHT OPTIONAL:** The merit is calculated from Mains exam marks. There are two qualifying papers and seven papers are merit based (Essay, GS-1, GS-2 GS-3 GS-4, Optional paper 1 & 2). Choosing the optional subject is crucial, it is always advisable to pick an optional subject that one is passionate about and has ample resources for. Nowadays, candidates often choose subjects like Public Administration, PSIR, Anthropology, Sociology, Law, Geology, and Forestry as their optional because these have manageable syllabi and also aid in general studies preparation. It's a good idea for candidates to discuss their options with someone who cleared the exam with their chosen optional, as they can provide useful insights to make the final choice. High marks in Optional will definitely keep you in the list.




4. **FOCUS ON ANSWER WRITING:** Another prime area is Answer writing techniques. It helps you score better in all mains paper. Keep your introduction short, write answers in points, underline the keywords, give a decent conclusion, and include diagrams in subjects like geography," are some of the suggestions given by the students who cleared this exam with top ranks. It is a continuous process and should start from the beginning of your preparations. It is to be noted that it is not only important to write answers but also be evaluated at equal intervals by experts or mentors.

5. **MAKE SHORT NOTES ON BIG TOPICS:** Every institute would provide notes and there is an ocean of notes present in the internet but using our own short notes for last-minute revision would serve the best. Ilma Afroz IPS (2017) says "Short notes help revise content in a short period of time. I had short notes for every topic. Your content should be condensed. For example, convert a 20–30 page topic into 3–4 page short notes." Also, prepare yourself to appear to write general studies papers I, II, III and IV — four exams in two days," she adds. **Note making is an art, if you excel in this, you have won half the battle.**

6. **KEEP ANOTHER CAREER OPTION:** As I mentioned earlier, this exam is a story of failures. Success rate is very low and disappointments are more than government appointments. You may meet many toppers and officers while preparing, but remember there are lakhs who were unable to clear the exam. Their stories never get published. Make sure to meet them and understand the challenges they faced. Then focus on the exam sincerely. **There is no shame in having a second career option; IITians also keep NIT as an option!".**

7. **DON'T MAKE EXAM YOUR LIFE:** Keep in mind that it's just a test, not your entire life. You might excel in your studies and preparation, but outcomes might not always go as planned. UPSC is not the only door available in this world. Many aspirants worry that failing this exam will ruin their lives. At times, this pressure leads us to answer questions incorrectly. Remember to stay calm during the exam. With patience, things will eventually work out. While you attempt any exam, look at life with a broad and large lens. Life is always about choices. If one choice doesn't work, we choose the other. **The world has many colours and that makes it beautiful. If one colour doesn't work choose another to make your life beautiful.**

❑

## Wishing you
## a Happy Married Life



# Dn. Jerin P. John & Jesina Joseph

**Holy Matrimony solemnized by H. G. Geevarghese Mar Coorilos**
**on 25th September 2023**
**at Kumbazha St. Simeon the Stylite Orthodox Cathedral.**